കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ

ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം



# ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC)

കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം

# ബാല ക്ഷേമ സുരക്ഷ സമിതി
# ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി – CWPC

കൈപ്പുസ്തകം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ് പി. ഒ., തൃശ്ശൂർ



ബാലസൗഹൃദ തദ്ദേശ ഭരണ ശാക്തീകരണം
ബാല ക്ഷേമ സുരക്ഷ സമിതി (ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി)
CWPC: കൈപ്പുസ്തകം

ചീഫ് എഡിറ്റർ
**ഡോ.ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എഡിറ്റർമാർ
**ഡോ. കെ.പി.എൻ.അമൃത**
അസിസ്റ്റന്റ് ഡയറക്ടർ, കില

**ഡോ. മോനിഷ് ജോസ്**
അസിസ്റ്റന്റ് പ്രൊഫസർ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കില

**സുകന്യ. കെ.യു**
കോർഡിനേറ്റർ, കില സെന്റർ ഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ്
ആന്റ് ലോക്കൽ ഗവർനൻസ്

തയ്യാറാക്കാൻ സഹായിച്ചവർ
ആൻ മരിയ അനിൽ
ദർശന വി രാധാകൃഷ്ണൻ
എൽസബത്ത് മിനു മാത്യൂസ്
ഹേമചന്ദ്രൻ ജെ
കാളിദാസൻ എം ജി
സജീവ് കെ ജി
പ്രേംജിത്ത് പി
കെ ബി മദൻ മോഹൻ
മനീഷ് എം നായർ
ഡോ അമൃതരാജ് ആർ എം
ആർ ഷൈനി
ഡോ സോണി പി
ദേവി പി ബാലൻ
അഡ്വ. ബിനെല്ല മേരി ജേക്കബ്
ബിമൽ നാഥ്
ഡാനിയൽ ലിബ്ബി

കവർ ഡിസൈൻ ആന്റ് ലേഔട്ട്
രാജേഷ് താണിക്കുടം

അച്ചടി – കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ്, 9895566621

ഏപ്രിൽ, 2024

പ്രസിദ്ധീകരിച്ചത്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ് പി.ഒ. തൃശൂർ – 680581
കേരളം, ഇന്ത്യ
ഇമെയിൽ: info@kila.ac.in വെബ് സൈറ്റ്: www.kila.ac.in



# അവതാരിക



പ്രിയപ്പെട്ടവരേ,

കിലയും യൂണിസെഫും ചേർന്ന് നടത്തുന്ന "ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനങ്ങളുടെ ശാക്തീകരണം" എന്ന പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകത്തിന്റെ വായനാ – പഠന അനുഭവത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

എതൊരു സമൂഹത്തിന്റെ നിലനില്പിനും മുന്നോട്ട്പോക്കിനും അഭിവാജ്യ ഘടകമാണ് കുട്ടികൾ. സമൂഹത്തിന്റെ സർവ്വതല സ്പർശിയായ പുരോഗതിക്കും അഭിവൃദ്ധിക്കും മുതല്കൂട്ടാവേണ്ടത് നമ്മുടെ കുഞ്ഞുങ്ങളാണ് എന്നതിൽ തർക്കമില്ല. ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് രാജ്യാന്തര തലത്തിൽ പോലും മാതൃകയായിട്ടുള്ള നമ്മുടെ സംസ്ഥാനം കുട്ടികളുടെ അവകാശങ്ങളെ എല്ലാ അന്തസത്തയോട് കൂടിയും ഉയർത്തിപ്പിടിക്കാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. വാർഡ് തലങ്ങളിലേക്ക് കൂടി കേരളം വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന ബാലക്ഷേമ സുരക്ഷ സമിതി കാര്യക്ഷമമായ നമ്മുടെ ഇടപെടലിന്റെ മറ്റൊരു മാതൃക കൂടിയാണ്.

കുട്ടികളുമായി ബന്ധപ്പെട്ട നിലവിൽ പ്രവർത്തിക്കുന്നതും, ഈ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതുമായ വിവിധ സംവിധാനങ്ങളെ പറ്റി ഈ കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. അവയുടെ ഘടന, ചുമതലകൾ, പ്രവർത്തനരീതി തുടങ്ങിയവയെപ്പറ്റി വിശദമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനകീയാസൂത്രണത്തിലൂടെയും ലോകത്തിനു തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനം പൂർണമായി ബാലസൗഹൃദമാകേണ്ടത് അനിവാര്യമാണ്. കൈപ്പുസ്തകത്തിന്റെയും മറ്റു സഹായികളുടെയും സാധ്യതകളെ ഉപയോഗപ്പെടുത്തി ബാലസൗഹൃദ കേരളം എന്ന ലക്ഷ്യം നമുക്ക് നിറവേറ്റാൻ കഴിയണം. അതിനായി എല്ലാവിധ ആശംസകളും നേരുന്നു.

അതോടൊപ്പം തന്നെ പരിശീലനസഹായികൾ തയാറാകുന്ന വിവിധ ഘട്ടങ്ങളിൽ ഞങ്ങളോടൊപ്പം നിന്ന യൂണിസെഫിനും, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഒപ്പം നിന്ന കിലയിലെ റിസോഴ്സ് പേഴ്സൺമാർക്കും മറ്റു സഹപ്രവർത്തകർക്കും എറ്റവും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

നമുക്ക് ഒന്നിച്ചു നിന്നുകൊണ്ട് ബാലസൗഹൃദ കേരളം സാധ്യമാക്കാം.

വിശ്വസ്തതയോടെ

**ഡോ. ജോയ് ഇളമൺ**

ഡയറക്ടർ ജനറൽ

"കേരളത്തിലെ ബാലസൗഹൃദ തദ്ദേശ ഭരണം ശക്തിപ്പെടുത്തുക" എന്ന ലക്ഷ്യത്തോടെ യുനിസെഫിന്റെ സഹകരണത്തോടെയുള്ള കിലയുടെ നിർണായക സംരംഭമാണ് ബാലക്ഷേമ സുരക്ഷ സമിതി കൈപ്പുസ്തകം.

ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പ്രാദേശിക തലത്തിൽ ബാലക്ഷേമ സുരക്ഷ സമിതികൾ (CWPC) സ്ഥാപിക്കുന്നത്.

ഈ കൈപ്പുസ്തകം ത്രിതല പഞ്ചായത്തുകളിലെ സി.ഡബ്ല്യൂ.പി.സി അംഗങ്ങൾക്കുള്ള സമഗ്രമായ വഴികാട്ടിയായി പ്രവർത്തിക്കുന്നു. സമിതിയുടെ ഘടന, ചുമതലകൾ, ഭരണത്തിന്റെ വിവിധ തലങ്ങളിൽ – വാർഡ് തലം മുതൽ ജില്ലാ തലം വരെ അത് വഹിക്കുന്ന പ്രധാന പങ്ക് എന്നിവയെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നു. ഇത് കമ്മറ്റി അംഗങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിർവചിക്കുക മാത്രമല്ല, ഒരു പെരുമാറ്റച്ചട്ടം, മീറ്റിംഗുകൾക്കുള്ള നിർദ്ദേശങ്ങൾ, പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കാലാവധി, ഇളവ്, റഫറൽ സംവിധാനങ്ങൾ, പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും റിപ്പോർട്ടുചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ, CWPC യുടെ സുപ്രധാന പരിശീലനം തുടങ്ങിയ വശങ്ങളിൽ ഉൾക്കാഴ്ചകൾ സ്ഥാപിക്കുകയും ചെയ്യുന്നു.

ബാലനീതി നിയമം, പോക്സോ നിയമം 2012, ബാലവേല നിരോധന നിയമം 2016 തുടങ്ങിയ സുപ്രധാന നിയമങ്ങൾ, നിയമങ്ങൾ, ലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന അനുബന്ധങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിയമ ചട്ടക്കൂടുകളോടുള്ള പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. കൂടാതെ, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റ്, ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ശിശു സംരക്ഷണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിപുലമായ ശിശു സംരക്ഷണ സംവിധാനങ്ങളിലേക്കും സേവനങ്ങളിലേക്കും കൈപ്പുസ്തകം വെളിച്ചം വീശുന്നു.

വൾണറബിലിറ്റി മാപ്പിംഗ്, കേസ് സ്റ്റഡീസ്, അംഗങ്ങളെ പരിശീലിപ്പിക്കാനുള്ള പ്രതിബദ്ധത എന്നിവയുടെ സംയോജനം ഈ ഹാൻഡ്ബുക്കിന്റെ പ്രായോഗിക സമീപനത്തിന് അടിവരയിടുന്നു, ശിശുക്ഷേമവുമായി ബന്ധപ്പെട്ട ബഹുമുഖ വെല്ലുവിളികളെ നേരിടാൻ CWPC-കൾ സുസജ്ജമാണെന്ന് ഉറപ്പാക്കുന്നു.

# ഉള്ളടക്കം


1. ആമുഖം (ബാലസുരക്ഷ ചരിത്രം, ബാലസൗഹൃദ കേരളം) 9
2. മിഷൻ വാത്സല്യ 10
3. കുട്ടികളുടെ അവകാശങ്ങൾ 11
4. ബാല ക്ഷേമ സുരക്ഷ സമിതികൾ
(ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ) 12
- ലക്ഷ്യങ്ങൾ
- ഘടനയും ചുമതലകളും
- വാർഡ് /ഡിവിഷൻ തലം
- ഗ്രാമപഞ്ചായത്ത് തലം
- മുനിസിപ്പാലിറ്റി തലം
- കോർപ്പറേഷൻ തലം
- ബ്ലോക്ക് തല ബാലക്ഷേമ സുരക്ഷ സമിതി
- ജില്ലാതല ബാലക്ഷേമ സുരക്ഷ സമിതി
- ബാലക്ഷേമസുരക്ഷ സമിതി അംഗങ്ങളുടെ പെരുമാറ്റ ചട്ടം
5. പൊതു മാർഗനിർദ്ദേശങ്ങൾ 32
- യോഗങ്ങൾ
- കമ്മറ്റി അംഗങ്ങളുടെ പ്രവർത്തനം
- കാലയളവും ഒഴിവുനികത്തലും
- നിയമപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ
6. റഫറൽ സംവിധാനം 36
7. പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് 37
8. റിപ്പോർട്ടിംഗ് 38
9. ബാലക്ഷേമ സുരക്ഷ സമിതികളുടെ/അംഗങ്ങളുടെ കാര്യശേഷി വികസനം 38
10. വൾണറബിലിറ്റി മാപ്പിംഗ് 39




അനുബന്ധം 1

കുട്ടികളുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ 40

- ആർട്ടിക്കളും വിശദീകരണവും
- ഇന്ത്യൻ പീനൽ കോഡ്
- ബാലനീതി നിയമം
- ലൈംഗിക അക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012
  [ POCSO Act 2012]
- ബാലവേല നിരോധന ഭേതഗതി നിയമം 2016

അനുബന്ധം 2

ബാലസംരക്ഷണ സംവിധാനങ്ങളും സേവനങ്ങളും 53

- ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB)
- ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)
- ദത്തെടുക്കൽ (Adoption)
- പോറ്റിവളർത്തൽ (Foster Care)
- വീട്ടിൽ നിർത്തി ധനസഹായം നൽകൽ (Sponsorship)
- സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്
- ബാലസംരക്ഷണസദനങ്ങൾ

അനുബന്ധം 3

വൾണറബിലിറ്റി മാപ്പിംഗ് ഫോർമാറ്റ് 59

അനുബന്ധം 4

കേസ് സ്റ്റഡി 61

# ബാല ക്ഷേമ സുരക്ഷ സമിതികൾ (CWPC)

## ആമുഖം

കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനുള്ള പ്രാഥമിക ഉത്തരവാദിത്തം മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും അത് നടപ്പാക്കുന്നതിൽ സർക്കാരിന്റേയും സമൂഹത്തിന്റേയും പങ്ക് നിർണായകമാണ്. ഈ സാഹചര്യത്തിലാണ് സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ രൂപ രേഖയിൽ കുട്ടികളുടെ അവകാശങ്ങൾ താഴേത്തട്ട് മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനങ്ങൾ അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാസമിതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനം പ്രാദേശിക ഭരണത്തിൽ നൂതനമായ രീതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ എന്നും മുന്നിലാണ്. കൂടാതെ വികേന്ദ്രീകൃത ഭരണക്രമം രൂപപ്പെടുത്തി ജനകീയാസൂത്രണ പ്രവർത്തനങ്ങൾ വഴി തുക, ഉത്തരവാദിത്തങ്ങൾ, ചുമതലകൾ എന്നിവ തദ്ദേശസ്ഥാപന ങ്ങൾക്ക് കൈമാറിക്കൊണ്ട് മാതൃക കാട്ടിയിട്ടുമുണ്ട്. ഈ പശ്ചാത്തലത്തിൽ ബാല ക്ഷേമ സുരക്ഷ സമിതി രൂപീകരിച്ച് ബാലാവകാശങ്ങൾ ഫലപ്രദമായി സംരക്ഷിക്കുന്ന കാര്യത്തിലും സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും ബാലാവകാശനിഷേധങ്ങൾ പരിശോധിക്കുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനുമുള്ള സംവിധാനം പ്രാവർത്തികമാക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയ മായും കഴിയും. സംസ്ഥാനത്ത് ബാല ക്ഷേമ സുരക്ഷ സമിതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ജി.ഒ. (എം എസ്) നം.68/2012 /എസ്.ജെ.ഡി തിയതി.9-11-2012 ഉം, ജി.ഒ. (ആർടി) നം. 44/2012 എസ്.ജെ.ഡി തീയതി. 3.7.2017). സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുള്ള (ഐ.സി.പി.എസ്. മാർഗനിർദ്ദേശങ്ങളിൽ 'മേൽനോട്ടം' എന്ന ഭാഗം) നിലവാരവും സമീപനവും സ്വീകരിച്ചു കൊണ്ടും സംസ്ഥാനത്തിന്റെ വികേന്ദ്രീകൃത ആസൂത്രണരംഗത്തെ പരിചയസമ്പത്ത് ഉൾക്കൊണ്ടും ബാല ക്ഷേമ സുരക്ഷ സമിതികൾ പ്രവർത്തിക്കേണ്ടത്. ത്രിതല പഞ്ചായത്തു കളിലുള്ള ബാല ക്ഷേമ സുരക്ഷ സമിതികളിലെ അംഗങ്ങൾക്ക് പ്രവർത്തനസഹായി എന്ന നിലയിലാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനം മുതൽ വാർഡ് തലം വരെ പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ട്. ഈ കമ്മിറ്റികൾക്ക് വളരെ പ്രധാനപ്പെട്ട രണ്ട് ഉത്തരവാദിത്തങ്ങളാണ് വഹിക്കാനുള്ളത്. ഒന്ന്- കുട്ടികൾക്ക് എതിരെ ഒരു തരത്തിലുള്ള പ്രശ്നങ്ങളും ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിന് എന്ത് ചെയ്യാം, രണ്ട്- കുട്ടികൾക്ക് എതിരെ ഉണ്ടാകുന്ന പ്രശ്നങ്ങൾ കൃത്യസമയത്ത് ബന്ധപ്പെട്ട ഇടങ്ങളിൽ റഫർ ചെയ്യുകയും, അതിന്റെ ഫോളോ അപ്പ് നടത്തുകയും ചെയ്യുക എന്നിവയാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ബാലസൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ചൈൽഡ് അഡ്വൈസറി ബോർഡ് (CAB), ചൈൽഡ് റിസോഴ്സ് സെന്റർ (CRC), ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC) എന്നിങ്ങനെ കൃത്യമായ



ഉത്തരവാദിത്തങ്ങൾ വഹിക്കുന്ന സംവിധാനങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ ഘടക സ്ഥാപനങ്ങളും, ഇതേ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയും ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഉണ്ടാവും. ഓരോ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങൾ കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. അതിൽ ബാല ക്ഷേമ സുരക്ഷ സമിതികൾക്കും നിർണ്ണായകമായ പങ്കാണുള്ളത്.

## മിഷൻ വാത്സല്യ

സർക്കാർ നടപ്പാക്കി വരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികളും സംവിധാനങ്ങളും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനിതാശിശുവികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് മിഷൻ വാൽസല്യ ( നേരത്തെ അറിയപ്പെട്ടിരുന്നത് സംയോജിത ശിശുസംരക്ഷണപദ്ധതി –Integrated Child Protection Scheme എന്ന പേരിലാണ്). ബാലനീതി നിയമം 2 0 1 5 ന്റെയും അനുബന്ധ നിയമങ്ങളുടെയും പഞ്ചായത്ത്തലം വരെയുള്ള നടത്തിപ്പാണ് പദ്ധതി ലക്ഷ്യമാക്കുന്നത്. ഇത് നടപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ സംസ്ഥാന ശിശുസംരക്ഷണ സൊസൈറ്റിയും ജില്ലാതലത്തിൽ ജില്ലാശിശുസംരക്ഷണ സൊസൈറ്റികളും രൂപികരിച്ചിട്ടുണ്ട്.

ജില്ലാതലത്തിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ജില്ല ബാല ക്ഷേമ സുരക്ഷ സമിതി രൂപീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്ക്/ പഞ്ചായത്ത് സുരക്ഷ സമിതികൾ അതാത് മേഖലകളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ബ്ലോക്ക്തല കമ്മിറ്റി കൺവീനർ ശിശു വികസനപദ്ധതി ഓഫീസറും പഞ്ചായത്ത്തല കമ്മിറ്റി കൺവീനർ ഐ.സി.ഡി.എസ് സൂപ്പർവൈസറുമാണ്.

18 വയസുവരെയുള്ള കുട്ടികൾക്കായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിയമ വുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ഇരകളായും സാക്ഷികളായും എത്തുന്ന കുട്ടികൾ, ഏതെങ്കിലും തരത്തിൽ അക്രമത്തിനിരയാകുന്ന കുട്ടികൾ, ഭിന്നശേഷിയുള്ള കുട്ടികൾ, തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ, മാതാപിതാക്കൾക്ക് ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ, തീർത്തും അനാഥരായ കുട്ടികൾ, ബാലവിവാഹത്തിന് വിധേയമാകുന്ന കുട്ടികൾ, ലഹരിക്ക് അടിമപ്പെടുന്ന കുട്ടികൾ തുടങ്ങി പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെയെല്ലാം വിശദാംശങ്ങൾ ശേഖരിക്കുകയും തുടർന്ന് ഓരോ കുട്ടിയുടെയും വ്യക്തിഗത ശ്രദ്ധാ പദ്ധതി (Individual care plan) തയ്യാറാക്കി ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ രീതി. അതിനായി കുടുംബത്തിൽ തന്നെ നിർത്തി സ്പോൺസർഷിപ്പ് ലഭ്യമാക്കൽ, ദത്തുകൊടുക്കൽ, ബന്ധുക്കൾക്ക് രക്ഷകർതൃത്വമേൽപ്പിക്കൽ, പോറ്റി വളർത്തൽ (foster care) തുടങ്ങിയ പുനരധിവാസ രീതികൾക്ക് പ്രഥമ പരിഗണന നല്കിവരുന്നു. കുട്ടികൾക്കായുള്ള അവസാനത്തെ അത്താണി (Last Resort) എന്ന നിലയിൽ മാത്രമേ ശിശുസംരക്ഷണ സ്ഥാപനങ്ങളെ പദ്ധതി പരിഗണിക്കുന്നുള്ളു.



# കുട്ടികളുടെ അവകാശങ്ങൾ

## ആരാണ് കുട്ടി?

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആരാണ് കുട്ടി എന്ന് മനസിലാക്കേണ്ടതുണ്ട്. പല നിയമങ്ങളിലും കുട്ടിയുടെ പ്രായം വ്യത്യസ്തമായ രീതിയിൽ നിർവചിച്ചിട്ടുണ്ടെങ്കിലും 1989 ൽ ഐക്യരാഷ്ട്രസഭ രൂപം നൽകിയ, കുട്ടികളുടെ അവകാശ ഉടമ്പടിയിൽ 0 മുതൽ 18 വയസ്സ് വരെയുള്ള എല്ലാവരെയും കുട്ടികളായിട്ടാണ് നിർവചിച്ചിരിക്കുന്നത്.

## കുട്ടികളുടെ പ്രധാന അവകാശങ്ങൾ

സുരക്ഷിത ബാല്യത്തിന് ഓരോ രാജ്യവും ഉറപ്പുവരുത്തേണ്ട അവകാശങ്ങളെക്കുറിച്ച് കുട്ടികളുടെ സാർവ്വ ലൗകിക അവകാശ ഉടമ്പടി വ്യക്തമാക്കുന്നു. പ്രധാനമായും നാല് അവകാശങ്ങളാണ് അവ.

1. അതിജീവനം (Survival)
2. വികസനം (Development)
3. സംരക്ഷണം (Protection)
4. പങ്കാളിത്തം (Participation)

1992-ൽ ഭാരതം ഈ ഉടമ്പടി അംഗീകരിച്ചതിനാൽ തന്നെ നമ്മുടെ രാജ്യത്തെ കുട്ടികൾക്ക് ഈ അവകാശങ്ങൾ ലഭിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്.

### 1. അതിജീവനാവകാശം

ജീവിക്കാനുള്ള അവകാശം, മികച്ച പോഷകാഹാരത്തിനുള്ള അവകാശം, വളർച്ചയ്ക്കാവശ്യമായ ജീവിതസാഹചര്യങ്ങൾ ലഭിക്കാനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം നയിക്കാനുള്ള അവകാശം, തനിമയ്ക്കും ദേശീയതയ്ക്കുമുള്ള അവകാശം ഏറ്റവും നൂതനമായ കാര്യങ്ങൾ ലഭിക്കാനും മനസ്സിലാക്കാനും കഴിയുക എന്നിവയാണ് ഈ ഭാഗം പ്രധാനമായും ഉൾക്കൊള്ളുന്നത്.

### 2. വികസനത്തിനുള്ള അവകാശം

വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, പരിചരണം, വികാസം, വിശ്രമം, വിനോദം, സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം തുടങ്ങിയ അവകാശങ്ങളാണ് വികസന അവകാശത്തിൽ പ്രതിപാദിക്കുന്നത്.

### 3. സംരക്ഷണ അവകാശം

ഇക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഈ അവകാശത്തിന്റെ പരിധിയിൽ പ്രധാനമായും ചൂഷണം, ദുരുപയോഗം, അവഗണന, മനുഷ്യത്വരഹിതമായ പെരുമാറ്റം, ദുരന്തം, യുദ്ധം, അടിയന്തരാവസ്ഥ തുടങ്ങിയവയിൽ നിന്നുള്ള സംരക്ഷണം ഉൾപ്പെടുന്നു.

### 4. പങ്കാളിത്ത അവകാശം

കുട്ടികൾക്ക് തങ്ങളുടെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിനപ്പുറമെ അവർക്ക് ആവശ്യമുള്ള അറിവ് ലഭ്യമാക്കുക, അവരുടെ കാഴ്ചപ്പാടുകളെ വേണ്ട രീതിയിൽ



പരിഗണിക്കുക, മതപരമായ കാര്യങ്ങളിൽ സ്വാതന്ത്ര്യവും അനുവദിക്കുക, കൂടുതൽ ജീവിത അനുഭവങ്ങൾ ആർജ്ജിക്കാനുള്ള അവസരം എന്നിവയും പങ്കാളിത്ത അവകാശത്തിൽ പ്രതിപാദിക്കുന്നു.

## ബാല ക്ഷേമ സുരക്ഷ സമിതി (ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുട്ടികളുടെ അവകാശങ്ങൾ, ക്ഷേമജീവിതം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും അനുയോജ്യ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അവ പരിരക്ഷിക്കുന്നതിനുമായി പൊതുസമ്മതരായ വ്യക്തികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ല, ബ്ലോക്ക്, നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ രൂപീകരിക്കപ്പെടുന്ന സംവിധാനമാണ് ബാല ക്ഷേമ സുരക്ഷ സമിതി (സി.ഡബ്ല്യു.പി.സി). കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുന്നതും യുക്തമായ നടപടികൾ സ്വീകരിക്കുന്നതും റിപ്പോർട്ട് ചെയ്യുന്നതും ഈ സമിതിയുടെ ചുമതലയാണ്. ഇപ്രകാരം ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (സി.ഡബ്ല്യു.പി.സി.) രൂപീകരിച്ച് പ്രാവർത്തിക മാക്കുന്നതിലൂടെ കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും ബാലാവകാശ നിഷേധങ്ങൾ പരിശോധിക്കുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും കഴിയുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (സി.ഡബ്ല്യു.പി.സി.) രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഒന്നാംതലം വാർഡ്, രണ്ടാം തലം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ, മൂന്നാമത് ബ്ലോക്ക് പഞ്ചായത്ത്, നാലാംതലം ജില്ല. എല്ലാ തലത്തിലും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുട്ടികൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവർ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യാധിഷ്ഠിത സംഘടനയായി സമിതി പ്രവർത്തിക്കേണ്ടതാണ്.

### ലക്ഷ്യങ്ങൾ

1. ബാലാവകാശങ്ങളെക്കുറിച്ച് സമൂഹത്തിന് ബോധ്യം വരത്തക്കവിധമുള്ള അവബോധം സൃഷ്ടിക്കുക. കുട്ടികളുടെ സുരക്ഷയും പരിചരണവുമായി ബന്ധപ്പെട്ട് മാതാപിതാക്കളിലും സമൂഹത്തിലും അനുഗുണമായ പെരുമാറ്റരീതി, മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുക
2. സമൂഹത്തിൽ എവിടെയെങ്കിലും ബാലാവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും വേണം.
3. കുട്ടികൾക്കായുള്ള സർക്കാർ പരിപാടികൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച് സമൂഹത്തിന് അറിവ് പകരുക.
4. സമൂഹത്തിലെ അപായസാധ്യതയുള്ള കുട്ടികളുടെ പട്ടിക തയ്യാറാക്കി (വൾണറബിലിറ്റി മാപ്പിംഗ്) ചൈൽഡ് പ്രൊട്ടക്ഷൻ പ്ലാൻ രൂപപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമാക്കുക.
5. തദ്ദേശഭരണ സ്ഥാപനത്തിൽ കുട്ടികൾക്കായുള്ള പദ്ധതികൾ മോണിറ്റർ ചെയ്യുക.
6. തദ്ദേശഭരണ പ്രദേശത്തെ സാമൂഹിക സാഹചര്യങ്ങളും പൊതു ഇടങ്ങളും ബാലസൗഹൃദ മാണെന്ന് ഉറപ്പുവരുത്തുക.
7. ബാലനിധി – സംഭാവനകൾ സ്വരൂപിക്കുന്നതിന് സഹായം നൽകുക.



8. കുട്ടികളുടെ വാർഷിക അവസ്ഥാപഠന രൂപരേഖ തയ്യാറാക്കി കുട്ടികൾക്കായുള്ള ആസൂത്രണത്തെ സഹായിക്കുന്നതിന് CRC കളുമായി പ്രവർത്തിക്കുക
9. കുട്ടികളുടെ സംരക്ഷണം, വികസനം എന്നീ മേഖലകളിലെ വിവര ശേഖരണം നടത്താൻ CRC കളെ സഹായിക്കുക.
10. എല്ലാ സ്ഥാപനങ്ങളും ബാലസുരക്ഷ ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
11. കുട്ടികൾക്ക് വേണ്ട നിയമ പരിരക്ഷ, അതിനായുള്ള പിന്തുണ ഉറപ്പ് വരുത്തുക
12. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നതോടൊപ്പം കടമകളേയും ബോദ്ധ്യപ്പെടുത്തുക

### ഘടനയും ചുമതലകളും

താഴെ നൽകിയിട്ടുള്ള ഘടനയ്ക്കനുസൃതമായി വിവിധ തലങ്ങളിൽ ബാല ക്ഷേമ സുരക്ഷ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

### വാർഡ് / ഡിവിഷൻ തലം

വാർഡ്തല ബാല ക്ഷേമ സുരക്ഷ സമിതി താഴെ നൽകിയിട്ടുള്ള ഘടനപ്രകാരം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

| ക്ര.നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | മെമ്പർ / കൗൺസിലർ | ചെയർപേഴ്സൺ |
| 2 | അംഗനവാടി വർക്കർ | കൺവീനർ |
| 3 | ആശ വർക്കർ | അംഗം |
| 4 | എ.ഡി.എസ് ചെയർപേഴ്സൺ | അംഗം |
| 5 | പ്രൊമോർട്ടർ (പട്ടികജാതി, പട്ടികവർഗം) ഓരോരുത്തർ | അംഗം |
| 6 | 4 കുട്ടികൾ (ബാല പഞ്ചായത്ത്/ബാല സഭ പ്രതിനിധികൾ ഉചിതം) | |
| | അതിൽ 2 പേരെങ്കിലും പെൺകുട്ടികൾ ആയിരിക്കണം. | അംഗങ്ങൾ |
| 7 | വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | അംഗം |
| 8 | സി.ബി.ഒ പ്രതിനിധി (സ്പോർട്സ്, ലൈബ്രറി, റെസിഡെൻസ് അസോസിയേഷൻ എന്നിവർ), ഓരോ പ്രതിനിധികൾ | അംഗം |
| 9 | വാർഡ് പരിധിയിലുള്ള എല്ലാ സ്കൂളിൽ നിന്നും ഓരോ അധ്യാപകരും | |
| | ഓരോ പി ടി എ പ്രതിനിധികളും | അംഗങ്ങൾ |
| 10 | കുട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള വിദഗ്ധരായ രണ്ട് സന്നദ്ധപ്രവർത്തകർ (അതിൽ ഒരാൾ സ്ത്രീ ആയിരിക്കണം.) | അംഗങ്ങൾ |
| 11 | സിബിഎം (CBM) പ്രതിനിധികൾ | അംഗങ്ങൾ |
| 12 | പോലീസ് / എക്സൈസ് പ്രതിനിധി | അംഗം |
| 13 | കൗൺസിൽ വൈദഗ്ധ്യമുള്ള ഒരാൾ | അംഗം |



- ഒന്നിൽ കൂടുതൽ അങ്കണവാടികൾ ഒരു വാർഡിൽ ഉണ്ടെങ്കിൽ അതിൽ ഏത് അങ്കണവാടി വർക്കർ കൺവീനർ ആവണമെന്ന് അതത് വാർഡ് മെമ്പർ/ കൗൺസിലർക്ക് തീരുമാനിക്കാം.
- ഒന്നിൽ കൂടുതൽ എസ്. സി/ എസ്. ടി പ്രമോട്ടർമാരുണ്ടെങ്കിൽ അതിൽ നിന്നും ഓരോരുത്തരെ വീതം വാർഡ് മെമ്പർ/കൗൺസിലർ നോമിനേറ്റ് ചെയ്യണം
- ബാലപഞ്ചായത്തിലോ ബാലസഭയിലോ പ്രവർത്തിക്കുന്ന കുട്ടികളിൽ നിന്നും നാല് പേരെ കുട്ടികളുടെ ഗ്രാമസഭ തെരഞ്ഞെടുക്കണം
- CBOകൾക്ക് കത്ത് കൊടുത്ത് ഓരോ പ്രതിനിധികളെ രേഖാമൂലം വാങ്ങണം
- എല്ലാ പ്രൈവറ്റ് /അൺ എയ്ഡഡ്/എയ്ഡഡ് സ്കൂളുകളിൽ നിന്നും പ്രഥമ അദ്ധ്യാപകൻ നോമിനേറ്റ് ചെയ്യുന്ന ഓരോ അദ്ധ്യാപകർ. പിടിഎ കൂടി നോമിനേറ്റ് ചെയ്യുന്ന ഒരാൾ
- ഈ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള രണ്ട് പേരെ വാർഡ് മെമ്പർ/ കമ്മ്യൂണിറ്റി കൗൺസിലർ നോമിനേറ്റ് ചെയ്യണം
- അതത് വാർഡിൽ പ്രവർത്തിക്കുന്ന എക്സൈസ്/ പോലീസ് ഉദ്യോഗസ്ഥനെ അതത് വകുപ്പിലെ ആ പ്രദേശത്തെ പ്രധാന ഉദ്യോഗസ്ഥൻ നോമിനേറ്റ് ചെയ്യണം
- കമ്മ്യൂണിറ്റി കൗൺസിലർ/സ്കൂൾ കൗൺസിലർ/ കൗൺസിൽ വൈദഗ്ദ്ധ്യമുള്ള ഒരാളെ വാർഡ് മെമ്പർ/ കൗൺസിലർ നോമിനേറ്റ് ചെയ്യണം

ചുമതലകൾ

1. കുട്ടികളുടെ ഗ്രാമസഭകളുടെ നടത്തിപ്പ് ഉറപ്പുവരുത്തുകയും ഇതിൽ ചർച്ച ചെയ്ത് കുട്ടികൾക്ക് വേണ്ട പ്രോജക്ടുകൾ അവർ തന്നെ വാർഡ് തല കമ്മിറ്റിക്ക് സമർപ്പിക്കാൻ വേണ്ട സൗകര്യം ചെയ്യുന്നതിന് CRC കളെ സഹായിക്കുക.
2. വാർഡ് തലത്തിൽ കുട്ടികളുടെ അവകാശ സംബന്ധമായ (S,D,P,P) അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കുക.
3. ബാല സുരക്ഷ സംബന്ധിച്ച് അവസ്ഥാ പഠനറിപ്പോർട്ട് തയ്യാറാക്കുകയും ആയത് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് CRC കളെ സഹായിക്കുക.
4. കുട്ടികൾക്കെതിരെയുള്ള വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടാൽ പ്രാഥമികാന്വേഷണം നടത്തുകയും തുടർനടപടികൾക്കായി കൺവീനറെ ചുമതലപ്പെടുത്തുകയും ചെയ്യുക.
5. വാർഡ് തലത്തിൽ കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനായി കുട്ടികളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അതിന് ആവശ്യമായ പിന്തുണാസംവിധാനം ഒരുക്കുകയും ചെയ്യുക.
6. പോറ്റിവളർത്തൽ (Foster care) സേവനം അനിവാര്യമായ കുട്ടികളെ ജില്ലാശിശു സംരക്ഷണ യൂണിറ്റിലേക്ക് റഫർ ചെയ്യുക.



7. ബാല സംരക്ഷണത്തിനായി വാർഡ് തലത്തിൽ വിനിയോഗിക്കാവുന്ന സ്കീമുകളും ഫണ്ടുകളും ഏതെല്ലാമെന്ന് തിട്ടപ്പെടുത്തി അവസ്ഥാപഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുക.

8. ഓരോ മീറ്റിംഗിലും കഴിഞ്ഞ യോഗത്തിലെ തീരുമാനങ്ങളുടെ തുടർനടപടികൾ വിലയിരുത്തുകയും ചെയ്യണം.

9. ഓരോ മാസത്തിലും റിപ്പോർട്ട് ശേഖരിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ രേഖപ്പെടുത്തി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ മുൻപാകെ തുടർനടപടികൾ നൽകുക.

10. ശൈശവവിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ നടപ്പാക്കുക.

11. എല്ലാ സ്കൂളുകളിലെയും പി.ടി.എ.യുടെ സഹകരണത്തോടെ പരാതി പെട്ടികൾ (complaint box) സ്ഥാപിയ്ക്കുകയും അതിലൂടെ ലഭിയ്ക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ചർച്ച ചെയ്ത് പരിഹരിക്കുക.

12. എല്ലാ സ്കൂളുകളിലും ജെൻഡർ ഡെസ്കിന് രൂപം നൽകി എന്ന് ഉറപ്പ് വരുത്തുക. അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുക.

13. സേഫ് ടച്ച്, സീക്രട്ട് ടച്ച് ബോർഡുകൾ എല്ലാ സ്കൂളുകളിലും പൊതു സ്ഥലങ്ങളിലും സ്ഥാപിക്കുക.

14. സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളുള്ള പ്രദേശങ്ങൾ, സ്കൂൾ പരിസരത്ത് പുകയില, മദ്യം, മയക്കമരുന്ന് തുടങ്ങിയ നിരോധിത ഉത്പന്നങ്ങളുടെ വില്പന, സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക്/ ക്ലാസ് കട്ട് ചെയ്യുന്ന പ്രവണത എന്നിവ പരിശോധിക്കുകയും അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഇതിനായി ബന്ധപ്പെട്ട വകുപ്പ് അധികൃതരുടെ സഹായം തേടാവുന്നതാണ്.

15. സ്ഥിരമായി മദ്യപാനം, ഗാർഹിക പീഡനം, കുടുംബവഴക്ക്, തുടങ്ങിയ പ്രശ്നങ്ങളുള്ള വീടുകൾ, സി. സി. എൽ, സി. എൻ. സി. പി, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ, എൽജിബിടിക്യൂഐ (LGBTQIA+) വിഭാഗത്തിൽപ്പെട്ടവർ, തടവുകാരുടെ മക്കൾ, അതിഥി തൊഴിലാളികളുടെ കുട്ടികൾ എന്നിവരെ തിരിച്ചറിഞ്ഞ് വാർഡ് കമ്മിറ്റി സന്ദർശിക്കുകയും, കൗൺസിലിംഗ് അടക്കമുള്ള തുടർസഹായങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുക.

16. ബാലസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സമയബന്ധിതമായി നടപടി സ്വീകരിക്കണം.

17. നിർബന്ധമായും എല്ലാമാസവും 15 നുള്ളിൽ വാർഡുതല കമ്മിറ്റി കൂടുകയും പരിഹാരം കണ്ടെത്താൻ കഴിയാത്ത പക്ഷം പത്ത് ദിവസത്തിനുള്ളിൽ അല്ലെങ്കിൽ എത്രയും പെട്ടെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല സമിതികളുടെ



ശ്രദ്ധയിൽപ്പെടുത്തുകയും തുടർനടപടിക്കായി റിപ്പോർട്ട് കൈമാറുകയും ചെയ്യണം.

18. വാർഡുതല കമ്മറ്റി പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ട് ലഭ്യത, സി. എസ്. ആർ, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ഉറപ്പാക്കുക.
19. വിവിധ തലങ്ങളിൽ റഫർ ചെയ്ത കേസുകൾ/പരാതികൾ/ആവശ്യങ്ങൾ കുട്ടികൾക്ക് വേണ്ടി നിരന്തര തുടർപ്രവർത്തനങ്ങൾ നടത്തുക.
20. കുട്ടികളുടെ വീട്ടുമായി നിരന്തര ബന്ധം സ്ഥാപിക്കുക.
21. കുട്ടികളെ സംബന്ധിച്ച വിശദവിവരം ശേഖരിച്ച് പഞ്ചായത്ത്തല കുട്ടികളുടെ രജിസ്റ്ററിൽ സൂക്ഷിക്കാൻ വേണ്ട സഹായം നൽകുക
22. കുട്ടികളുടെ അവകാശ സംരക്ഷണത്തിന് വേണ്ട പ്രാദേശിക സംവിധാനങ്ങൾ ഒരുക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
23. നല്ല രക്ഷാകർതൃത്വവും, നല്ല ശിശു സംരക്ഷണ രീതികളും തുടങ്ങിയ വിഷയങ്ങളിലും മറ്റ് കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ബോധവത്കരണ പ്രവർത്തനങ്ങൾ ഏർപ്പാടാക്കുക.
24. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ തലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല ചൈൽഡ് അഡ്വൈസറി ബോർഡ് (CAB), ചൈൽഡ് റിസോഴ്സ് സെന്റർ (CRC), ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി (CWPC) എന്നിവർ വിഭാവനം ചെയ്യുന്ന പരിപാടികൾ വാർഡ് തലങ്ങളിൽ നടപ്പിലാക്കാൻ വേണ്ട നേതൃത്വം നൽകുക.

### ഗ്രാമ പഞ്ചായത്ത് തലം – നിലവിലെ ഘടന

| ക്രമ നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ [ ക്ഷേമകാര്യം] | വൈസ്ചെയർപേഴ്സൺ |
| 3 | ICDS സൂപ്പർവൈസർ | മെമ്പർ സെക്രട്ടറി |
| 4 | കുട്ടികളുടെ പ്രതിനിധികൾ 2 പേർ (ചെയർപേഴ്സൺ നാമ നിർദേശം ചെയ്യണം, ഒന്നെങ്കിലും പെൺകുട്ടിയായിരിക്കണം) | അംഗങ്ങൾ |
| 5 | ജില്ലാശിശുസംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി | അംഗം |
| 6 | അങ്കണവാടി ടീച്ചർ (ജില്ലാ വനിതശിശു വികസന ഓഫീസറുടെ നോമിനി) | അംഗം |
| 7 | ഡെപ്യൂട്ടി എഡ്യൂക്കേഷൻ ഓഫിസർ നാമനിർദേശം ചെയ്യുന്ന ടീച്ചർമാർ {ഓരോ സ്കൂളിൽ നിന്നും ഒരാൾവീതം} | അംഗങ്ങൾ |
| 8 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ഡിസ്ട്രിക്ട് മാസ്സ് മീഡിയ ഓഫിസർ നോമിനി ) | അംഗം |
| 9 | 2 സാമൂഹ്യപ്രവർത്തകർ (ചെയർപേഴ്സൺ നോമിനി, ഒന്നെങ്കിലും വനിതയാകണം) | അംഗങ്ങൾ |



## ഗ്രാമ പഞ്ചായത്ത് തലം –
## ഈ ചർച്ചയുടെ ഭാഗമായി സർക്കാരിലേക്ക് നൽകിയ പ്രപ്പോസൽ

| ക്ര.നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം) | വൈസ് ചെയർപേഴ്സൺ |
| 3 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ – ആരോഗ്യം, വിദ്യാഭ്യാസം | വൈസ് ചെയർപേഴ്സൺ |
| 4 | ICDS സൂപ്പർ വൈസർ | കൺവീനർ |
| 5 | പഞ്ചായത്ത് സെക്രട്ടറി | അംഗം |
| 6 | ജില്ലശിശുസംരക്ഷണ യൂണിറ്റിന്റെ ഒരു പ്രതിനിധി | അംഗം |
| 7 | 2 സാമൂഹ്യപ്രവർത്തകർ (ഒരാൾ സ്ത്രീ ആയിരിക്കണം) | അംഗങ്ങൾ |
| 8 | ഗ്രാമപഞ്ചായത്ത് ഭരണസമിതി നാമനിർദേശം ചെയ്യുന്ന കുട്ടികളുമായി ബന്ധപ്പെട്ട സംവിധാനം/ പ്രസ്ഥാനം/ | |
| | NGO പ്രതിനിധി | അംഗം |
| 9 | ST പ്രമോട്ടർ | അംഗം |
| 10 | SC പ്രമോട്ടർ | അംഗം |
| 11 | എക്സൈസ് ഇൻസ്പെക്ടർ | അംഗം |
| 12 | കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ | അംഗം |
| 13 | സ്കൂൾ കൗൺസിലർ | അംഗം |
| 14 | ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക | അംഗങ്ങൾ |
| 15 | CWPO 2 ചൈൽഡ് വെൽഫയർ പോലീസ് ഓഫീസേർസ് (ഒരു വനിത ഓഫീസർ) | അംഗങ്ങൾ |
| 16 | ഹെൽത്ത് ഇൻസ്പെക്ടർ | അംഗങ്ങൾ |
| 17 | പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്കൂളിലും നിന്നുള്ള PTA പ്രതിനിധികൾ (BUDS സ്കൂൾ, സ്പെഷ്യൽ സ്കൂൾ ഉൾപ്പെടെ)–2 പേർ | അംഗങ്ങൾ |
| 18 | ബാല പഞ്ചായത്ത് പ്രതിനിധി 2 പേർ (ഒരാളെങ്കിലും പെൺകുട്ടി ആയിരിക്കണം) | അംഗം |

1. പ്രതിനിധികളുടെ പേര് കത്ത് നൽകി രേഖാമൂലം വാങ്ങണം. ഉദ്യോഗസ്ഥനാണെങ്കിൽ ട്രാൻസ്ഫർ/പെൻഷൻ ആകുന്നത് വരേയും അവരായിരിക്കും അംഗങ്ങൾ.
2. N G O പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ അവർ കുട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് അനുഭവജ്ഞാനമുള്ള NGO പ്രതിനിധി ആയിരിക്കണം. പ്രതിനിധികളെ രേഖാമൂലം വാങ്ങണം. ഒന്നിൽകൂടുതൽ N G O ഉണ്ടെങ്കിൽ ഒരു പ്രതിനിധി



ആരായിരിക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിക്ക് തീരുമാനിക്കാം.

3. രണ്ട് സാമൂഹ്യപ്രവർത്തകരെ നിശ്ചയിക്കുന്നത് തദ്ദേശ സ്വയംഭരണ സമിതി ആയിരിക്കണം. ഇവരെ തെരഞ്ഞെടുക്കുമ്പോൾ ഈ മേഖലയിലെ പ്രവർത്തിപരിചയം, വൈദഗ്ധ്യം, പ്രവർത്തിക്കാനുള്ള താൽപ്പര്യം എന്നിവ പരിഗണിക്കണം. രണ്ട് പേരിൽ ഒരാൾ വനിതയായിരിക്കണം.

4. SC/ST പ്രമോട്ടർമാരിൽ നിന്നും ഓരോരുത്തരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിശ്ചയിക്കാവുന്നതാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപന അതിർത്തിയിൽ ഒന്നിൽക്കൂടുതൽ സ്കൂൾ കൗൺസിലർമാർ ഉണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിക്ക് ഒരാളെ തെരഞ്ഞെടുക്കാവുന്നതാണ്.

6. ഒരു അദ്ധ്യാപകനെ പഞ്ചായത്ത് ഭരണസമിതിക്ക് തീരുമാനിച്ച് നിശ്ചയിക്കാവുന്നതാണ്.

7. എല്ലാ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചിയിക്കുന്ന രണ്ട് PTA പ്രതിനിധികൾ

8. ബാലപഞ്ചായത്ത് പ്രതിനിധികളായി അവർ നിശ്ചയിക്കുന്ന രണ്ട് കുട്ടികളെ ആയിരിക്കണം കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടത്. അതിൽ ഒരാൾ പെൺകുട്ടി ആയിരിക്കണം.

## ചുമതലകളും പ്രവർത്തനങ്ങളും

1. എല്ലാ പ്രദേശങ്ങളിലും ബാലാവകാശസംരക്ഷണ സംബന്ധമായ ബോധവത്കരണം നടത്തുക.

2. വിവിധ വകുപ്പിന്റെ കുട്ടികളുമായി ബന്ധപ്പെട്ട നിലവിലുള്ള പ്രോജക്റ്റുകളെ പറ്റി ബോധവൽക്കരണം നൽകുക

3. പൊതു ഇടങ്ങളിൽ ടോൾഫ്രീ ഹെൽപ്പ് ലൈൻ നമ്പറുകൾ പ്രദർശിപ്പിക്കുക.

4. വിവിധ ഫീൽഡ് തല പ്രവർത്തകരിൽ നിന്നും വിവരശേഖരണം നടത്തുക.

5. വാർഡ് കമ്മറ്റി ശിപാർശ ചെയ്യുന്ന കുട്ടികൾക്കായുള്ള വിവിധതരം പ്രോജക്റ്റുകളും ആശയങ്ങളും വിലയിരുത്തുകയും പഞ്ചായത്ത് കമ്മിറ്റിയിൽ കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രോജക്റ്റ് ശുപാർശ സമർപ്പിക്കാവുന്നതാണ്. പ്രോജക്റ്റ് ഗുണഭോക്താക്കളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുക.

6. എല്ലാ സ്കൂളുകളിലും ഹെൽപ്പ് ഡെസ്കുകൾ, ജെൻഡർ ഡെസ്കുകൾ സ്ഥാപിക്കുക.

7. കുട്ടികളുമായി ബന്ധപ്പെട്ട, സ്കൂൾ കൗൺസിലർ എൻഎസ്എസ്, എൻ സി സി ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുക

8. പഞ്ചായത്ത് ചൈൽഡ് റിസോഴ്സ് സെന്റർ ഹെൽപ്പ് ഡെസ്ക് ആയി പ്രവർത്തിച്ചുവരുന്നു. അതിന്റെ സേവനങ്ങൾ വിനിയോഗിക്കുക.



9. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

10. പാർശ്വവൽക്കരിക്കപ്പെട്ടതും ശൈശവ വിവാഹങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ മേഖലകളിലെ കുട്ടികളെ കൗമാര ക്ലബ്, സ്കൂൾ പാർലമെൻറ്, ബാലസഭ, എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി എന്നീ സംവിധാനങ്ങളുടെ ഭാഗമാക്കുകയും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും രക്ഷകർത്താകൾക്ക് ബോധവൽക്കരണം നൽകുകയും ചെയ്യുക

11. ലൈംഗിക വിദ്യാഭ്യാസം, ലിംഗനീതി, മുതിർന്നവരുടെ വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രവർത്തനങ്ങൾ CRC യുമായി ചേർന്ന് നടപ്പിലാക്കുക.

12. ശൈശവ വിവാഹത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് CRC യുമായി ചേർന്ന് ബോധവൽകരണം നൽകുക

13. പഞ്ചായത്തിലെ ഹോട്ട് സ്പോട്ടുകളെ തിരിച്ചറിഞ്ഞ് അധികൃതർക്ക് വിവരങ്ങൾ കൈമാറുക

14. സ്കൂളിൽ സംശയാസ്പദമായ സാഹചര്യത്തിൽ വരാതിരിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് വിവരങ്ങൾ അധ്യാപകർ ഹെൽപ്പ് ഡെസ്കിന് അല്ലെങ്കിൽ ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റിക്ക് കൈമാറേണ്ടതാണ്.

15. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്ത് ലഹരിപദാർത്ഥങ്ങൾ ലഭ്യമാക്കുന്ന കടകളെ തിരിച്ചറിഞ്ഞ് അവയുടെ ലൈസൻസ് റദ്ദാക്കുന്ന നടപടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി സ്വീകരിക്കേണ്ടതാണ്

16. CRC യുമായി ചേർന്ന് റിസർച്ച്, പഠനങ്ങൾ എന്നിവ സംഘടിപ്പിച്ച് കുട്ടികളുടെ ആവശ്യങ്ങളും ധനസ്രോതസ്സുകളും തിട്ടപ്പെടുത്തി പഠന റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്.

17. CRC യുമായി ചേർന്ന് പഞ്ചായത്തിനെ ഭിന്നശേഷി സൗഹൃദമാകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

18. അതിഥി തൊഴിലാളികളുടെ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുക

19. വാർഷിക പദ്ധതിയിൽ കുട്ടികൾക്കായുള്ള പദ്ധതികൾ ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുന്നതിനും തുക വകയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുക.

20. കുട്ടികളുടെ/ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുക, വിവരമെടുക്കുക, പരാതികൾ സ്വീകരിക്കുക, തുടർ നടപടികളിൽ പരിഹാരമാകുന്നത് വരെ ഫോളോ അപ്പ് ചെയ്യുക.

21. വാർഡ് കമ്മിറ്റി രൂപീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. .



## മുനിസിപ്പാലിറ്റിതലം – നിലവിലെ ഘടന

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | മുനിസിപ്പൽ ചെയർപേഴ്സൺ | ചെയർപേഴ്സൺ |
| 2 | സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്റ്റ് ഓഫിസർ | കൺവീനർ |
| 4 | മെഡിക്കൽ ഓഫിസർ | അംഗം |
| 5 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ / പ്രതിനിധി | അംഗം |
| 6 | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് | അംഗം |
| 7 | മുനിസിപ്പൽ സെക്രട്ടറി | അംഗം |
| 8 | അസിസ്റ്റന്റ് ലേബർ ഓഫിസർ | അംഗം |
| 9 | ജില്ലാ പട്ടികജാതി വികസന ഓഫിസർ / പ്രതിനിധി | അംഗം |
| 10 | താലൂക്ക് ഡെവലപ്പ്മെന്റ് ഓഫിസർ | അംഗം |
| 11 | കുടുംബശ്രീ പ്രതിനിധി | അംഗം |
| 12 | ജില്ലാ ശിശുസംരക്ഷണ ഓഫിസർ / പ്രതിനിധി | അംഗം |

## മുനിസിപ്പാലിറ്റിതലം–
## ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നൽകിയ പ്രപ്പോസൽ

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | മുനിസിപ്പൽ ചെയർപേഴ്സൺ | ചെയർപേഴ്സൺ |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമകാര്യം) | വൈസ് ചെയർപേഴ്സൺ |
| 3 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ – ആരോഗ്യം വിദ്യാഭ്യാസം | വൈസ് ചെയർപേഴ്സൺ |
| 4 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | കൺവീനർ |
| 5 | മുനിസിപ്പൽ സെക്രട്ടറി | അംഗം |
| 6 | മെഡിക്കൽ ഓഫീസർ | അംഗം |
| 7 | ജില്ലാ വിദ്യാഭ്യാസ ഓഫീസർ | അംഗം |
| 8 | എസ് ജെ പി യു ചാർജ്ജുള്ള പോലീസ് | അംഗം |
| 9 | അസിസ്റ്റന്റ് ലേബർ ഓഫീസർ | അംഗം |
| 10 | ടിഇഒ (TEO) | അംഗം |
| 11 | എസ്.സി.ഡി.ഒ (SCDO) | അംഗം |
| 12 | CDS ചെയർപേഴ്സൺ | അംഗം |
| 13 | ജില്ലാ ശിശുസംരക്ഷണ ഓഫീസർ (DCPO) | അംഗം |
| 14 | എക്സൈസ് പ്രതിനിധി (സർക്കിൾ ഇൻസ്പെക്ടർ/അതിൽ കുറയാത്ത റാങ്ക് ഉള്ള ഡിപാർട്ട്മെൻറ് നോമിനി) | അംഗം |



1. രണ്ട് കുട്ടികളെ മുനിസിപ്പൽ ഭരണസമിതിക്ക് തീരുമാനിക്കാം. അതിൽ ഒരാൾ പെൺകുട്ടിയായിരിക്കണം.
2. കുട്ടികളുടെ മേഖലയിൽ പ്രവർത്തിച്ച് അനുഭവജ്ഞാനവും, തുടർന്ന പ്രവർത്തിക്കാൻ താല്പര്യമുള്ള രണ്ട് സന്നദ്ധ പ്രവർത്തകരെ മുനിസിപ്പൽ ഭരണസമിതിക്ക് നിശ്ചയിക്കാം.
3. ഈ മേഖലയിൽ പ്രവർത്തിക്കുന്ന NGO യിൽ നിന്നും ഒരു പ്രതിനിധിയെ മുനിസിപ്പൽ ഭരണസമിതിക്ക് നിർദ്ദേശിക്കാം.

## ചുമതലകൾ

1. കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ, ബാല ക്ഷേമ സുരക്ഷ സമിതി അംഗങ്ങളുടെ ചുമതലകൾ, ബാലാവകാശ ലംഘനം എങ്ങനെ കണ്ടെത്തണം, എങ്ങനെ റിപ്പോർട്ട് ചെയ്യണം തുടങ്ങിയവ സംബന്ധിച്ച ബോധവൽക്കരണം CRC യുമായി ചേർന്ന് നടത്തുക.
2. വാർഷിക പദ്ധതിയിൽ കുട്ടികൾക്കായുള്ള പദ്ധതികൾ ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുന്നതിനും തുക വകയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിന് CRC കളെ സഹായിക്കുക.
3. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുകയും സ്ഥാപനതല സംരക്ഷണം ആവശ്യമുള്ളവർക്ക് ആയതും പുനരധിവാസം ആവശ്യമുള്ളവർക്ക് ആയതും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. അർഹരായ എല്ലാകുട്ടികൾക്കും സാമൂഹ്യ സുരക്ഷാപദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
5. വിഷമാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുക, പദ്ധതി നിര്വ്വഹണത്തിൽ (വീട്, ശൗചാലയം, യാത്രസൗകര്യം, സാമൂഹ്യ സുരക്ഷാപദ്ധതികൾ) ഇത്തരം കുട്ടികളുടെ കുടുംബങ്ങളെ മുൻഗണനയോടെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
6. എല്ലാ കുട്ടികളുടെയും ജനന രജിസ്ട്രേഷന് നടത്തുന്നുണ്ടെന്നും ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നുണ്ടെന്നും കമ്മിറ്റി ഉറപ്പുവരുത്തുക.
7. ശൈശവവിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ C R C യുമായി ചേർന്ന് നടപ്പാക്കുക.
8. പാർശ്വവൽക്കരിക്കപ്പെട്ടതും ശൈശവവിവാഹങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ മേഖലകളിലെ കുട്ടികളെ അഡോളസെന്റ്സ് (എ.ജി.) ക്ലബ്ബ്, സ്കൂൾ പാർലമെന്റ്, ബാലസഭ, എൻ.സി.സി., എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ സംവിധാനങ്ങളുടെ ഭാഗമാക്കുകയും അവരുടെ സജീവപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.



9. പി.ടി.എ.യുടെ സഹകരണത്തോടെ എല്ലാസ്കൂളുകളിലും പരാതിപ്പെട്ടികൾ (complaint box) സ്ഥാപിക്കുകയും അതിലൂടെ ലഭിക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളിൽ ചർച്ച ചെയ്ത് പരിഹരിയ്ക്കുകയും ചെയ്യുക.
10. C R C യുമായി ചേർന്ന് വിവിധതരത്തിലുള്ള ലൈംഗികചൂഷണങ്ങൾ സംബന്ധിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകുക.
11. പൊതുസ്ഥലങ്ങളിലും പൊതുഗതാഗത സംവിധാനങ്ങളിലും കുട്ടികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ ചർച്ച ചെയ്യുക, കുറ്റക്കാരെ കണ്ടെത്തി ശിക്ഷ നൽകുന്നതിനു വേണ്ട നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് നടത്തുക.
12. സേഫ് ടച്ച് , സീക്രട്ട് ടച്ച് ബോർഡുകൾ എല്ലാ സ്കൂളുകളിലും പൊതു ഇടങ്ങളിലും സ്ഥാപിക്കുക.
13. സ്കൂളുകളിൽ ഓരോ കുട്ടിക്കും 8 5 % എങ്കിലും ഹാജർ ഉറപ്പുവരുത്തുന്നതിനായി രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും പ്രചോദനം നൽകുക.
14. ബാലവേല കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന മേഖലകളിലെ തോട്ടം ഉടമസ്ഥർ, മർച്ചന്റ് അസോസിയേഷൻ, രക്ഷിതാക്കൾ, അതിഥി തൊഴിലാളികൾ, അവരുടെ കുട്ടികൾ, പൊതുജനങ്ങൾ എന്നിവർക്ക് ബോധവൽക്കരണം നൽകുന്നതിന് പദ്ധതികൾ തയ്യാറാക്കുക.
15. സൈബർ കുറ്റകൃത്യങ്ങൾ, ഉപയോഗം, സെൽഫോൺ ദുരുപയോഗം എന്നിവ ഇല്ലാതാക്കുന്നതിലേയ്ക്ക് പോലീസ്, എക്സൈസ് വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ രൂപീകരിക്കുക.
16. എല്ലാ സ്കൂളുകളുടെയും സമീപപ്രദേശത്ത് പുകയില ഉൽപന്നങ്ങൾ, ലഹരിവസ്തുക്കൾ എന്നിവയുടെ വിൽപന തടയുക.
17. ഇതര സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ആദിവാസി സങ്കേതങ്ങൾ ഉള്ള പ്രദേശങ്ങളിൽ കുട്ടികളെ കടത്തിക്കൊണ്ടുപോയി ബാലവേല, ബാലവിവാഹം തുടങ്ങിയ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പരിശോധന, ബോധവത്കരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുക.
18. അതിഥി തൊഴിലാളികളുടെ മക്കളുടെ അവകാശലംഘനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനോടൊപ്പം അവരുടെ ക്ഷേമപ്രവർത്തനങ്ങളും ഉറപ്പു വരുത്തുക.
19. ബാലാവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉചിതമായ മറ്റ് സമാന പ്രവർത്തനങ്ങളും നിർവഹിക്കുക.
20. ബാലാവകാശങ്ങൾ/ ബാലക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന വിവിധ ഏജൻസികളുടെ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ഇവിടെ പ്രദാനം ചെയ്യുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണം നൽകുക
21. ഓരോ ത്രൈമാസത്തിലും വാർഡ് – മുനിസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി ജില്ലാകമ്മിറ്റിക്ക് നൽകുക



## കോർപ്പറേഷൻതലം - നിലവിലെ ഘടന

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | കോർപ്പറേഷൻ മേയർ | ചെയർപേഴ്സൺ |
| 2 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ {വെൽഫെയർ} | വൈസ് ചെയർപേഴ്സൺ |
| 3 | ശിശുവികസന പദ്ധതി ഓഫിസർ{സി.ഡി.പി.ഒ.} | കൺവീനർ |
| 4 | കോർപ്പറേഷൻ മെഡിക്കൽ ഓഫിസർ | അംഗം |
| 5 | ജില്ലാ സാമൂഹ്യനീതി ഓഫിസർ | അംഗം |
| 6 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 7 | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് {District Crime Records Bureau} | അംഗം |
| 8 | കോർപ്പറേഷൻ കമ്മീഷണർ {സെക്രട്ടറി} | അംഗം |
| 9 | ഡെപ്യൂട്ടി ലേബർ ഓഫീസർ | അംഗം |
| 10 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | അംഗം |
| 11 | ജില്ലാ പട്ടിക വർഗ വികസന ഓഫീസർ | അംഗം |
| 12 | ചൈൽഡ്ലൈൻ കോർഡിനേറ്റർ | അംഗം |
| 13 | ജില്ലാ ശിശുസംരക്ഷണ ഓഫീസർ / പ്രതിനിധി | അംഗം |
| 14 | കുടുംബശ്രീ മിഷൻ ഓഫിസർ | അംഗം |

## കോർപ്പറേഷൻ തലം -
## (ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നൽകിയ പ്രപ്പോസൽ)

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1. | കോർപ്പറേഷൻ മേയർ | ചെയർപേഴ്സൺ |
| 2. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - വിദ്യാഭ്യാസം | വൈസ് ചെയർപേഴ്സൺ |
| 4 | കോർപ്പറേഷൻ സെക്രട്ടറി | അംഗം |
| 5 | കമ്മിറ്റി തീരുമാനിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ.) | കൺവീനർ |
| 6. | കോർപ്പറേഷൻ മെഡിക്കൽ ഓഫീസർ | അംഗം |
| 7. | ജില്ല സാമൂഹ്യനീതി ഓഫീസർ | അംഗം |
| 9. | ഡി ഇ ഒ (DEO) | അംഗം |
| 10. | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (ജില്ലാ ക്രൈം റെക്കോർഡ് ബ്യൂറോ) | അംഗം |
| 11. | ഡെപ്യൂട്ടി ലേബർ ഓഫീസർ | അംഗം |
| 12. | ജില്ല പട്ടികജാതി വികസന ഓഫീസർ | അംഗം |
| 13. | ജില്ല പട്ടിക വർഗ വികസന ഓഫീസർ | അംഗം |



| | | |
|---|---|---|
| 14. | ചൈൽഡ് ഹെല്പ് ലൈൻ കോർഡിനേറ്റർ | അംഗം |
| 15. | ഡി.സി.പി.ഒ (DCPO) | അംഗം |
| 16. | ഡി.എം.സി നിർദേശിക്കുന്ന എ ഡി എം സി | അംഗം |
| 17. | ആർ.ടി.ഒ പ്രതിനിധി | അംഗം |
| 18. | കുട്ടികളുടെ പ്രതിനിധികൾ കമ്മിറ്റി നിർദേശിക്കുന്ന 2 പേർ | അംഗം |
| 19 | ബാലാവകാശ മേഖലയിൽ വിദഗ്ധരായ സോഷ്യൽ | |
| | വർക്കർമാർ 2 പേർ | അംഗം |
| 20 | CDS ചെയർപേഴ്സൺ | അംഗം |
| 21 | കമ്മിറ്റി തീരുമാനികുന്ന എൻജിഒ പ്രതിനിധി | അംഗം |

1. കുട്ടികളുടെ രണ്ട് പ്രതിനിധികളെ കോർപ്പറേഷൻ കൗൺസിലിന് നിശ്ചിയിക്കാം. (ഒരാൾ പെൺകുട്ടിയായിരിക്കണം.)
2. കുട്ടികളുടെ മേഖലയിൽ പ്രവർത്താനുഭവമുള്ള രണ്ട് സന്നദ്ധപ്രവർത്തകരെ കൗൺസിലിന് തീരുമാനിക്കാം. (ഒരാൾ വനിതയായിരിക്കണം.)

### ചുമതലകൾ

1. കുട്ടികളുടെ ആവശ്യങ്ങളും അതിനുള്ള ധനസ്രോതസ്സുകളും തിട്ടപ്പെടുത്തി തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ കുട്ടികളുടെ സുരക്ഷാവകാശ അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കുക
2. അവകാശ ലംഘനം നേരിടാൻ സാധ്യതയുള്ള കുട്ടികളുടെ വൾണറബിലിറ്റി മാപ്പിംഗ് നടത്തി പ്രശ്നപരിഹാരത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുക
3. കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരെ പൊതുജന ജാഗ്രത സൃഷ്ടിക്കുന്നതിന് ആവശ്യമായ അവബോധം കുട്ടികളിലും ജനങ്ങൾക്കിടയിലും സൃഷ്ടിക്കുക
4. കുട്ടികൾ നേരിടുന്ന വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ, അതിക്രമങ്ങൾ തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ട്/ പരാതികളിൽ പ്രാഥമികാന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെട്ട അധികാരികൾക്ക് (നിശ്ചിത സമയത്തിനകം) നൽകുകയും കോപ്പി ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിക്ക് നൽകുകയും ചെയ്യുക.
5. ബാലസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ, നേട്ടങ്ങൾ എന്നിവ ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക.
6. ബാലസുരക്ഷയുമായി ബന്ധപ്പെട്ട അവസ്ഥ, ഈ മേഖലയിലുള്ള ആവശ്യങ്ങൾ, കുറവുകൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ തദ്ദേശ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്യുക
7. സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികൾ കാണാതാകുന്ന കുട്ടികൾ തുടങ്ങിയ വരുടെ വിവരങ്ങൾ രേഖകളാക്കുകയും മിസ്സിംഗ് ചൈൽഡ് സൈറ്റിൽ ചേർക്കുകയും, ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിയിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
8. റഫറൽ സേവനം ആവശ്യമുള്ള കേസുകൾ ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിക്ക് കൈമാറുക.



9. കുട്ടികൾക്ക് ഉപദ്രവകരമായ ആചാരങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുക.
10. വാർഡുതലത്തിലും സ്കൂൾതലത്തിലും കുട്ടികളുടെ സംഘപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.
11. കുട്ടികൾക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് മേൽനോട്ടം നിർവഹിക്കുക.
12. പ്രാദേശികമായി കുട്ടികളുടെ പ്രശ്നപരിഹാരത്തിന് മനുഷ്യവിഭവവും ധനവിഭവവും സമാഹരിക്കുന്നതിന് പരിശ്രമിക്കുക.
13. പ്രത്യേകപരിരക്ഷ ആവശ്യമായ കുട്ടികളുടേയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടേയും ക്ഷേമത്തിനായുള്ള നടപടികൾ കൈക്കൊള്ളുക.
14. കുട്ടികളെ കടത്തൽ, ബാലവേല, ബാലവിവാഹം, കുടിയേറ്റ തൊഴിലാളികളുടെയും അതിഥി തൊഴിലാളികളുടെയും കുട്ടികളുടെപ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി ഇടപെടുകയും സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്യുക.
15. കുട്ടികളുടെ അവകാശങ്ങളെ ഹനിക്കുന്ന ഭ്രൂണഹത്യ, ശാരീരിക ശിക്ഷ, ബാലവിവാഹം എന്നിവ നിരുത്സാഹപ്പെടുത്തുക.
16. പോറ്റിവളർത്തൽ (Foster Care) സേവനം അനിവാര്യമായ കുട്ടികൾക്ക് അത് സാധ്യമാക്കുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേന ഇടപെടലുകൾ നടത്തുക.
17. അങ്കണവാടി, പെൺകുട്ടികൾക്കായുള്ള ക്ലബ്ബുകൾ, ബാലസഭകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
18. ബാലസുരക്ഷയുമായി ബന്ധപ്പെട്ട് ബാലനീതി നിയമം അനുശാസിക്കുന്ന മാർഗനിർദ്ദേശങ്ങൾ കമ്മറ്റിയിലെ എല്ലാ അംഗങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
19. ശൈശവ വിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ CRC യുടെ സഹായത്തോടെ നടപ്പിലാക്കുക.
20. എല്ലാ സ്കൂളുകളിലും പി.ടി.എ.യുടെ സഹകരണത്തോടെ പരാതിപ്പെട്ടികൾ (complaint box) സ്ഥാപിച്ച് അതിലൂടെ ലഭിക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ചർച്ച ചെയ്ത് പരിഹരിക്കുക.
21. സേഫ് ടച്ച്, സീക്രട്ട് ടച്ച് എന്നിവയെ സംബന്ധിക്കുന്നതും, കുട്ടികളുമായി ബന്ധപ്പെട്ട അടിയന്തര സേവന നമ്പറുകളും, പരാതി–പരിഹാര സംവിധാനങ്ങളുടെ വിവരങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാസ്കൂളുകളിലും പൊതു ഇടങ്ങളിലും സ്ഥാപിക്കുക.
22. C R C യുമായി ചേർന്ന് സാമൂഹ്യ പ്രതിബദ്ധതയാർന്ന യുവതലമുറയെ വളർത്തി യെടുക്കുന്നതിനും അവരുടെ അവകാശങ്ങളും കടമകളും ഊട്ടിയുറപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നിർവഹിക്കുക
23. പോറ്റിവളർത്തൽ (Foster Care) ആവശ്യമാണെന്ന് തിരിച്ചറിയുന്ന കുട്ടികളുടെ വിവരം ബ്ലോക്ക്/ ജില്ല സംരക്ഷണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുക

( * * * കാണാതായ കുട്ടിയുടെ വിശദാംശങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാനും റിപ്പോർട്ട് ചെയ്യാനും ഖോയ–പായ പോർട്ടൽ മാതാപിതാക്കളെ സഹായിക്കുന്നു. കാണാതായ കുട്ടിയുടെ

വിശദാം ശങ്ങൾ തിരയാനും മാതാപിതാക്കൾക്ക് ഇതിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ സാധിക്കും. കാണാതായതും കണ്ടെത്തിയതുമായ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ കണ്ടെത്താൻ ഒരു ഡാഷ്ബോർഡും ലഭ്യമാണ്.)

### ബ്ലോക്ക്തല ബാല ക്ഷേമ സുരക്ഷ സമിതി (ബി. സി. പി. സി.) – നിലവിലെ ഘടന

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | ശിശുവികസന പദ്ധതി ഓഫിസർ (സി.ഡി.പി.ഒ.) | മെമ്പർ സെക്രട്ടറി |
| 3 | ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിയുടെ (ഡി.സി.ഡബ്ല്യു.പി.എസ്. പ്രതിനിധി) (ഡി.സി.ഡബ്ല്യു. പി.എസ്. നോമിനി) | അംഗം |
| 4 | അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ | അംഗം |
| 5 | പഞ്ചായത്ത്തല ബാല ക്ഷേമ സുരക്ഷ സമിതികളുടെ ചെയർപേഴ്സൺ | അംഗം |
| 6 | പൊതുസമ്മതരായ സാമൂഹികപ്രവർത്തകർ (പ്രസിഡന്റ് നോമിനി ) | അംഗങ്ങൾ |

### ബ്ലോക്ക്തല ബാല ക്ഷേമ സുരക്ഷാ സമിതി (ബി.സി.ഡബ്ല്യു.പി.സി.)– (ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നൽകിയ പ്രപ്പോസൽ)

ബ്ലോക്ക്തല ബാല ക്ഷേമ സുരക്ഷ സമിതി ഗ്രാമപഞ്ചായത്ത്തല സമിതികളെ രൂപീകരണം, ആസൂത്രണം, ബഡ്ജറ്റിംഗ്, ബോധവല്ക്കരണം തുടങ്ങിയ മേഖലകളിൽ പിന്തുണനൽകി ഐ.സി.പി.എസ്. മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി താഴെ നൽകിയിട്ടുള്ള ഘടനപ്രകാരം രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | വൈസ് ചെയർപേഴ്സൺ |
| 3 | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ – ആരോഗ്യം വിദ്യാഭ്യാസം | വൈസ് ചെയർപേഴ്സൺ |
| 4 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | അംഗം |
| 5 | ശിശുവികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ ഒന്നിലധികം ഉണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുന്ന ആൾ) | കൺവീനർ |
| 6. | ജില്ല ബാല ക്ഷേമ സുരക്ഷ സമിതിയുടെ പ്രതിനിധി (ഡി.സി.ഡബ്ല്യു. പി.എസ്. നാമനിർദേശം ചെയ്യുന്ന ആൾ) | അംഗം |
| 7. | അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ | അംഗം |
| 8. | പഞ്ചായത്ത്തല ബാല ക്ഷേമ സുരക്ഷ സമിതികളുടെ ചെയർപേഴ്സൺമാർ | അംഗങ്ങൾ |



| | | |
|---|---|---|
| 9. | ബാലവകാശ മേഖലയിൽ പ്രവർത്തിക്കുന്ന പൊതുസമ്മതരായ സാമൂഹികപ്രവർത്തകർ (ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി നാമനിർദേശം ചെയ്യുന്ന ആൾ)/ വിദഗ്ധർ (2 പേർ, അതിൽ ഒരാൾ വനിതാ ) | അംഗങ്ങൾ |
| 10. | മെഡിക്കൽ ഓഫീസർ /എച്ച്.എസ് . | അംഗം |
| 11. | പോലീസ് പ്രതിനിധി (ഡി.വൈ.എസ്.പി / നിയോഗിക്കപ്പെട്ട വ്യക്തി ) | അംഗം |
| 12. | എക്സൈസ് പ്രതിനിധി (സർക്കിൾ ഇൻസ്പെക്ടർ/അതിൽ കുറയാത്ത റാങ്ക് ഉള്ള ഡിപാർട്ട്മെന്റ് നോമിനി) | അംഗം |
| 13. | കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ (എസ്. ഡി) | അംഗം |
| 14. | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | അംഗം |
| 15. | എസ്.സി.ഡി.ഒ | അംഗം |
| 16. | ബി.സി.ഡബ്ല്യു.പി.സി തീരുമാനിക്കുന്ന കുട്ടികളുടെ പ്രതിനിധികൾ 2 പേർ (ഒരാൾ പെൺകുട്ടി ആയിരിക്കണം ) | അംഗങ്ങൾ |

## ചുമതലകൾ

- ബ്ലോക്ക് തലത്തിൽ കുട്ടികളുടെ അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കുക
- കുട്ടികൾക്കെതിരെയുള്ള വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും പരാതികളും സംബന്ധിച്ച പ്രാഥമികാന്വേഷണം നടത്തുകയും തുടർനടപടികൾക്കായി കൺവീനറെ ചുമതലപ്പെടുത്തുകയും ചെയ്യുക.
- ബാല സുരക്ഷ ആവശ്യനിർണയത്തിനായി പഞ്ചായത്ത് സമിതികൾക്ക് സഹായം നൽകുക.
- ഗ്രാമപ്രദേശങ്ങളിൽ കുട്ടികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനായി കുട്ടികളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അതിന് ആവശ്യമായ പിന്തുണാ സംവിധാനം ഒരുക്കുകയും ചെയ്യുക.
- പഞ്ചായത്ത് സമിതികൾ തുടർച്ചയായി യോഗം ചേരുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുക.
- പഞ്ചായത്ത് സമിതി അംഗങ്ങൾക്ക് കുട്ടികൾക്കായുള്ള സുരക്ഷാപരിപാടികളെക്കുറിച്ചും സ്കീം സംബന്ധിച്ചും പരിശീലനം ഒരുക്കുക.
- കുട്ടികൾക്കായുള്ള പഞ്ചായത്ത്, ബ്ലോക്ക്തല പദ്ധതികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുക.
- പോറ്റിവളർത്തൽ (foster care) സേവനം അനിവാര്യമായ കുട്ടികളെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലേക്ക് റഫർ ചെയ്യുക.
- ബാലസുരക്ഷ സംബന്ധിച്ച് അവസ്ഥാ പഠനറിപ്പോർട്ട് തയ്യാറാക്കുകയും ആയത് ബ്ലോക്ക്തല വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നൽകുകയും ചെയ്യുക.



- ബാല സംരക്ഷണത്തിനായി ബ്ലോക്ക്തലത്തിൽ വിനിയോഗിക്കാവുന്ന സ്കീമുകളും ഫണ്ടുകളും ഏതെല്ലാമെന്ന് തിട്ടപ്പെടുത്തി അവസ്ഥാപഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുക.
- ഓരോ ത്രൈമാസത്തിലും ഗ്രാമപഞ്ചായത്ത് സമിതികളുടെ റിപ്പോർട്ട് ശേഖരിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ രേഖപ്പെടുത്തി ജില്ലയ്ക്ക് നൽകുക.
- ശൈശവ വിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ നടപ്പാക്കുക.
- എല്ലാ സ്കൂളുകളിലെയും പി.ടി.എ.യുടെ സഹകരണത്തോടെ പരാതിപ്പെട്ടികൾ (complaint box) സ്ഥാപിക്കുകയും അതിലൂടെ ലഭിക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ ചർച്ച ചെയ്ത് പരിഹരിക്കുക
- സേഫ് ടച്ച് , സീക്രട്ട് ടച്ച് ബോർഡുകൾ എല്ലാ സ്കൂളുകളിലും പൊതു ഇടങ്ങളിലും സ്ഥാപിക്കുക.
- പഞ്ചായത്ത് CWPC കളുടെ പ്രവർത്തനത്തിന് വേണ്ട സഹായം നൽകുക

## ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി

## (ജില്ലാ ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി)- നിലവിലെ ഘടന

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1. | ജില്ലാ കലക്ടർ | ചെയർപേഴ്സൺ |
| 2. | ജില്ലാ ശിശുസംരക്ഷണ ഓഫീസർ | കൺവീനർ |
| 3. | ജില്ലാ മെഡിക്കല് ഓഫീസർ (ജനറൽ, ആയുർവേദ, ഹോമിയോപതി) | അംഗം |
| 4. | ജില്ലാ ലേബർ ഓഫീസർ | അംഗം |
| 5. | വിദ്യാഭ്യാസ ജില്ലാ ഓഫീസർ | അംഗം |
| 6. | ജില്ലാ പോലീസ് മേധാവി സി.പി /എസ്.പി | അംഗം |
| 7. | ജില്ലാ പട്ടികജാതി വികസന ഓഫീസർ /PO-ITDP | അംഗം |
| 8. | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | അംഗം |
| 9. | ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ | അംഗം |
| 10. | ഡി.ഡബ്ലിയു.സി.ഓ/ ഡി.ഡബ്ലിയു.സി.ഓ നാമനിർദേശം ചെയ്യുന്ന ആൾ | അംഗം |
| 11. | സെൽസയുടെ ഒരു പ്രതിനിധി | |
| 12. | ജില്ല പഞ്ചായത്ത് സെക്രട്ടറി | |
| 13. | കോർപ്പറേഷൻ സെക്രട്ടറി | |
| 14. | ജില്ല സ്പോർട്ട്സ് ഓഫീസർ | |
| 15. | ജില്ലാ സ്കിൽ ഡെവലപ്പ്മെന്റ് ഓഫീസർ | |
| 16. | DPO ICDS | |
| 17. | DCPO | |
| 18. | ജില്ലാ ബാല പാർലമെന്റ് പ്രതിനിധി (2) (ഒരാൾ പെൺകുട്ടി ആയിരിക്കണം) | അംഗങ്ങൾ |
| 19. | ജില്ലാ സ്കൂൾ കൗൺസിലർ പ്രതിനിധി (ജില്ലാ ശിശുസംരക്ഷണ ഓഫീസർ നോമിനി) | അംഗം |



## ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി (ജില്ലാ ചൈൽഡ് വെൽഫെയർ ആന്റ് പ്രൊട്ടക്ഷൻ കമ്മിറ്റി )– ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാരിന് നൽകിയ പ്രപ്പോസൽ

| ക്രമ. നം | കമ്മിറ്റി അംഗങ്ങൾ | പദവി |
|---|---|---|
| 1. | ജില്ലാ കലക്ടർ | ചെയർപേഴ്സൺ |
| 2. | ജില്ലാ ശിശുസംരക്ഷണ ഓഫീസർ | കൺവീനർ |
| 3. | ജില്ലാ മെഡിക്കല് ഓഫീസർ (ജനറൽ, ആയുർവേദ, ഹോമിയോപതി) | അംഗം |
| 4. | ജില്ലാ ലേബർ ഓഫീസർ | അംഗം |
| 5. | വിദ്യാഭ്യാസ ജില്ലാ ഓഫീസർ | അംഗം |
| 6. | ജുവനൈൽ ജസ്റ്റീസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി (ഓരോ പ്രതിനിധി വീതം) (ചെയർപേഴ്സൺ / ചെയർപേഴ്സൺ നാമനിർദേശം ചെയ്യുന്ന ആൾ) | അംഗങ്ങൾ |
| 7. | ജില്ലാ പോലീസ് മേധാവി സി.പി /എസ്.പി | അംഗം |
| 8. | ജോയിന്റ് ഡയറക്ടർ (തദേശ സ്വയംഭരണ വകുപ്പ് ) | അംഗം |
| 9. | ജില്ലാ പട്ടികജാതി വികസന ഓഫീസർ /PO-ITDP | അംഗം |
| 10. | ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ | അംഗം |
| 11. | ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ | അംഗം |
| 12. | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | അംഗം |
| 13. | ജില്ലാ പ്ലാനിംഗ് ഓഫീസർ | അംഗം |
| 14. | ജില്ലാ എൻ.എസ്.എസ്, എൻ.സി. സി, എസ്. പി. സി നോഡൽ ഓഫീസർ | അംഗങ്ങൾ |
| 15. | ജില്ലാ റോഡ് ട്രാൻസ്പോർട്ട് ഓഫീസർ | അംഗം |
| 16. | എൻജിഓ/സ്പെഷ്യൽ സ്ഥാപന പ്രതിനിധി (കളക്ടർ നാമനിർദേശം ചെയ്യുന്ന കുട്ടികളുടെ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നയാൾ) | അംഗം |
| 17. | ഡി.ഡബ്ലിയു.സി.ഓ/ഡി.ഡബ്ലിയു.സി.ഓ നാമനിർദേശം ചെയ്യുന്നയാൾ | അംഗം |
| 18. | സെൽസയുടെ ഒരു പ്രതിനിധി | |
| 19. | ജില്ല പഞ്ചായത്ത് സെക്രട്ടറി | |
| 20. | കോർപ്പറേഷൻ സെക്രട്ടറി | |
| 21. | ജില്ല സ്പോർട്ട്സ് ഓഫീസർ | |
| 22. | ജില്ലാ സ്കിൽ ഡെവലപ്പ്മെന്റ് ഓഫീസർ | |
| 23. | DPO ICDS | |
| 24. | DCPO | |
| 25. | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | അംഗം |
| 26. | ജില്ലാ ബാല പാർലമെന്റ് പ്രതിനിധി (2) (ഒരാൾ പെൺകുട്ടി ആയിരിക്കണം) | അംഗങ്ങൾ |
| 27. | ജില്ലാ സ്കൂൾ കൗൺസിലർ പ്രതിനിധി (ജില്ലാ ശിശുസംരക്ഷണ ഓഫീസർ നോമിനി) | അംഗം |



### ചുമതലകൾ

1. വാർഡ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്തല സമിതികളുടെ രൂപീകരണത്തിന് നേതൃത്വം കൊടുക്കുക.
2. മേൽപറഞ്ഞ സമിതികളിലെ അംഗങ്ങൾക്ക് പരിശീലനം നൽകുക.
3. പഞ്ചായത്ത് ബ്ലോക്ക്തല സമിതികളുടെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ജില്ലാ റിപ്പോർട്ട് തയ്യാറാക്കുക.
4. മേൽപ്പറഞ്ഞ കമ്മിറ്റികൾ സംബന്ധിച്ച ഡാറ്റാബെയ്സ് തയ്യാറാക്കി സൂക്ഷിക്കുക.
5. കുട്ടികൾക്കായുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി മോണിട്ടർ ചെയ്യുക.
6. ബാലസുരക്ഷ സംബന്ധിച്ച് ഡി.സി.പി.യു. ക്രോഢീകരിക്കുന്ന സ്ഥിതി വിവരകണക്കുകൾ ഉൾപ്പെടുത്തി കുട്ടികളുടെ അവസ്ഥാപഠന റിപ്പോർട്ട് ജില്ലാതലത്തിൽ തയ്യാറാക്കുക.
7. ബാലാവകാശ ലംഘനങ്ങൾ തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. കുട്ടികളുടെ അവസ്ഥാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ബാലസുരക്ഷ പദ്ധതി രൂപപ്പെടുത്തി ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
9. ചിൽഡ്രൻസ് ഫണ്ട് അഥവാ ബാലനിധിയിലേക്ക് സംഭാവനകൾ പ്രോത്സാഹിപ്പിക്കുക.
10. ശൈശവവിവാഹങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മേഖലകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സഹകരണത്തോടെ മാതാപിതാക്കളെക്കൂടി ഉൾപ്പെടുത്തിയുള്ള ബോധവൽക്കരണ പരിപാടി, കുട്ടികളെ ഉൾപ്പെടുത്തിയുള്ള കലാപരിപാടികൾ എന്നിവ നടപ്പാക്കുക.
11. എല്ലാ സ്കൂളുകളിലെയും പി. ടി. എ. യുടെ സഹകരണത്തോടെ പരാതിപ്പെട്ടികൾ (complaint box) സ്ഥാപിക്കുകയും അതിലൂടെ ലഭിക്കുന്ന പരാതികൾ വിവിധ തലത്തിലുള്ള ബാല ക്ഷേമ സുരക്ഷ സമിതി ചർച്ച ചെയ്ത് പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക.
12. സേഫ് ടച്ച്, സീക്രട്ട് ടച്ച് ബോർഡുകൾ എല്ലാ സ്കൂളുകളിലും പൊതു ഇടങ്ങളിലും സ്ഥാപിക്കുക.
13. എല്ലാ സ്കൂളുകളിലും ചൈൽഡ് ഹെല്പ് ഡെസ്ക് സ്ഥാപിക്കുകയും വിവിധ വകുപ്പുകളുടെ സ്കീമുകളെ കുറിച്ച് ഹെൽപ്പ് ഡെസ്ക് വഴി വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
14. ബ്ലോക്ക് സി.ഡബ്ല്യൂ.പി.സി, പഞ്ചായത്ത് സി.ഡബ്ല്യൂ.പി.സി എന്നിവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം, പരിശീലനം എന്നിവ നൽകുക.





## ബാല ക്ഷേമ സുരക്ഷ സമിതി അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങൾ

| എപ്പോഴും പാലിക്കേണ്ടത് | ഒരിക്കലും അരുതാത്തത് |
|---|---|
| കുട്ടികളെ മാനിക്കുകയും അവർ പറയുന്നത് ശ്രദ്ധിക്കുകയും ചെയ്യുന്നതോടൊപ്പം വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും പ്രവർത്തനം ഏറ്റെടുക്കുന്നതിനും പിന്തുണ നൽകുക. കുട്ടികളോട് അനുഭാവപൂർവ്വം പെരുമാറണം. | കുട്ടികളെ യാതൊരു കാരണവശാലും അടിക്കുകയോ മറ്റു രീതികളിൽ ശാരീരികമായോ മാനസ്സികമായോ ഉപദ്രവിക്കുകയോ ദുരുപയോഗം ചെയ്യുകയോ അരുത്. |
| കുട്ടികളോട് ബഹുമാനത്തോടെ, സഭ്യമായ ഭാഷയിൽ ഇടപെടണം.<br>അപായസാധ്യതയുള്ള സാഹചര്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് അത് നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക. | യാതൊരു കാരണവശാലും കുട്ടികളെ ശാരീരികമായോ ലൈംഗികമായോ ചൂഷണം ചെയ്യാൻ പാടില്ല. |
| അംഗങ്ങൾ പരസ്പര ഉത്തരവാദിത്തങ്ങളും കടമകളും നിർവഹിക്കുമ്പോൾ തന്നെ സമൂഹത്തിലെ തെറ്റായ പെരുമാറ്റങ്ങളെയും അനുചിത പ്രവൃത്തികളെയും നിരാകരിക്കുകയും ചെയ്യുക. | കുട്ടികളെ ദുരുപയോഗത്തിനോ ചൂഷണത്തിനോ വിധേയമാക്കാവുന്നതരം ബന്ധം വളരാൻ സാഹചര്യം നൽകരുത്. |
| കുട്ടികളുടെ കാഴ്ചപ്പാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും അത് പ്രകടിപ്പിക്കുന്നതിനായി | കുട്ടികൾക്ക് പ്രയാസം സൃഷ്ടിക്കുന്ന വിധത്തിൽ ഇടപഴകരുത്. |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് സ്വീകര്യവും അസ്വീകാര്യവുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രശ്നങ്ങൾ സ്വയം പരിഹരിക്കുന്നതിനും കുട്ടികളെ ശാക്തീകരിക്കുക.<br>അവരുടെ ഭയപ്പാടുകളെയും ആശങ്കകളെയും ഉത്തമ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുക | സഭ്യമായ ഭാഷയിലല്ലാതെ, വിദ്വേഷമോ അശ്ലീലമോ കലർന്ന ഭാഷയിൽ നിർദ്ദേശങ്ങളോ ഉപദേശങ്ങളോ നൽകരുത്.<br>അനുചിതമായ ശാരീരിക ഭാഷ കുട്ടിയോട് കാണിക്കരുത്. |
| ഭയപ്പാടുള്ള കുട്ടികളുടെ പ്രശ്നങ്ങളിൽ സുരക്ഷിതത്വത്തിനാവശ്യമായ മുൻകരുതലുകൾ എടുക്കണം | കുട്ടിയെക്കൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവരെക്കൊണ്ട് തന്നെ ചെയ്യിക്കുക. |
| കുട്ടികളുടെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുക എന്ന താത്വിക നിലപാട് സ്വീകരിച്ചുകൊണ്ടായിരിക്കണം ഫലപ്രദമായും ഉചിതമായും കുട്ടികളെ സംബന്ധിച്ച അന്വേഷണ നടപടിക്രമങ്ങളിൽ പങ്കെടുക്കേണ്ടത്. സ്വകാര്യതയും രഹസ്യാത്മകതയും നിർബന്ധമായും പാലിക്കണം. | നിയമവിരുദ്ധമോ സുരക്ഷിതമല്ലാത്തതോ അനുചിതമോ ആയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ എതിർക്കാതിരിക്കുകയോ ചെയ്യരുത്. |
| കുട്ടികളുടെ വീക്ഷണങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകുക. | കുട്ടിക്ക് അവമതിപ്പുളവാക്കുന്ന രീതിയിൽ അപകീർത്തിപ്പെടുത്തുന്നതോ ചെറുതായി കാണിക്കുന്നതോ തരംതാഴ്ത്തുന്നതോ വൈകാരികമായി |

| | |
|---|---|
| | മുറിവേല്ക്കുന്നതോ ആയ കാര്യങ്ങൾ ചെയ്യരുത്. കുട്ടിയുടെ നിസ്സഹായ അവസ്ഥയെ ചൂഷണം ചെയ്യരുത് |
| കുട്ടികളുടെ സുരക്ഷിതത്വത്തിനായി മാതാപിതാക്കളോടും സംരക്ഷണ ചുമതലക്കാരോടും യോജിച്ച് പ്രവർത്തിക്കുക. പെരുമാറ്റത്തിലും സമീപനത്തിലും നിഷ്പക്ഷത പാലിക്കണം | ഏതൊരു കുട്ടിയോടും അമിത താല്പര്യമോ വിവേചനമോ പരിഗണനയില്ലാതെയോ പെരുമാറി ഒറ്റപ്പെടുത്തരുത്. |
| പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ സ്വകാര്യതക്ക് ഭംഗം വരാതെ പാലിക്കേണ്ടതാണ്. തമ്മിലുള്ള പരിചയം, ബന്ധുത്വം, വ്യക്തിബന്ധങ്ങൾ ഒന്നുംതന്നെ കമ്മറ്റിയിലെ തീരുമാനങ്ങളെ സ്വാധീനിക്കാൻ പാടില്ല | ബാലവിവാഹം, ശാരീരിക ശിക്ഷ, ബാലവേല, ലിംഗവിവേചിത ഗർഭഛിദ്രം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിയാകരുത്. ബന്ധപ്പെട്ട വിവരങ്ങൾ അധികാരികളെ അറിയിക്കാൻ കാലതാമസം വരുത്തരുത് . ജാതി-മത-വർഗ്ഗ- ലിംഗ-കക്ഷിരാഷ്ട്രീയ വിവേചനം നിർബന്ധമായും പാടില്ല. |

## പൊതുമാർഗ നിർദ്ദേശങ്ങൾ

### യോഗങ്ങൾ

ചെയർപേഴ്സൺ തീരുമാനിച്ച വേദിയിൽ ഏറ്റവും കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി (ഡി.സി.ഡബ്ല്യു.പി.സി.)/രണ്ടു മാസത്തിലൊരിക്കൽ ബ്ലോക്ക്തല കമ്മിറ്റി (ബി.എൽ.സി)/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ഒരു കോർപ്പറേഷൻതല യോഗം സംഘടിപ്പിക്കണം. കൂടാതെ എല്ലാ മാസവും ഒരു വാർഡുതല യോഗവും ചേരേണ്ടതാണ്.

- ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി ഏറ്റവും കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും ബ്ലോക്ക് തല കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലും വാർഡ്, പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തല കമ്മിറ്റികൾ മാസത്തിൽ ഒരിക്കലെങ്കിലും കൂടേണ്ടതാണ്.
- അടിയന്തര സ്വഭാവമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടാൽ ചെയർപേഴ്സന്റെ അനുമതിയോടെ അടിയന്തര യോഗം വിളിക്കാവുന്നതാണ്.
- അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അടിയന്തര പ്രശ്നങ്ങൾ ചെയർപേഴ്സണന്റെ അനുമതിയോടെ ഏതൊരംഗത്തിനും യോഗത്തിൽ അവതരിപ്പിക്കാം.
- ചെയർപേഴ്സന്റെ അഭാവത്തിൽ വൈസ് ചെയർപേഴ്സൺ അല്ലെങ്കിൽ കൺവീനർക്ക് പ്രത്യേക യോഗങ്ങൾ വിളിക്കാവുന്നതാണ്.
- ബാല ക്ഷേമ സുരക്ഷ സമിതിയുടെ എല്ലാ യോഗങ്ങളിലും എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.



- തീരുമാനങ്ങൾ ഭൂരിപക്ഷ അടിസ്ഥാനത്തിലായിരിക്കും.
- സമനിലയുണ്ടായാൽ വോട്ടിംഗ് ഏർപ്പെടുത്താൻ ചെയർപേഴ്സന് അധികാരമുണ്ട്.
- എല്ലാ യോഗത്തിന്റെയും മിനിട്സ് കൃത്യമായി രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## കമ്മിറ്റി അംഗങ്ങളുടെ പ്രവർത്തനം

### ചെയർപേഴ്സൺ

- സി.ഡബ്ല്യൂ.പി.സി.യോഗങ്ങളുടെ അദ്ധ്യക്ഷത വഹിക്കുക.
- റിപ്പോർട്ടുകൾ, മിനിട്ട്സ് മുതലായവ യഥാസമയം തയ്യാറാക്കുന്നുവെന്നും മേൽസമിതികളിലേക്ക് റിപ്പോർട്ട് ചെയ്യുന്നുവെന്നും ഉറപ്പാക്കുക.
- പ്രവർത്തനങ്ങൾ പഞ്ചായത്ത് ഭരണസമിതിയിൽ അവതരിപ്പിക്കുക.
- വാർഡുതല സമിതി ചെയർപേഴ്സൺ, പഞ്ചായത്ത്തല സമിതി ചെയർപേഴ്സൺ ബ്ലോക്ക്തല സമിതിക്കും ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല സമിതി ചെയർപേഴ്സൺ ജില്ല ബാല ക്ഷേമ സുരക്ഷ സമിതിക്കും ( ഡി. സി. ഡബ്ല്യൂ. പി. സി. ) പ്രവർത്തന റിപ്പോർട്ട് നൽകണം. ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി ജില്ലാ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിനു സമർപ്പിക്കേണ്ടതാണ്.
- മിനിറ്റ്സ് അധികൃതമാക്കുക
- തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ ഇടപെട്ട് ഒഴിവാക്കുക
- യോഗങ്ങൾ കൃത്യസമയത്ത് ചേരുന്നു എന്ന് ഉറപ്പ് വരുത്തുക
- യോഗ തീരുമാനങ്ങൾ കൃത്യമായി നടന്നു എന്ന് ഉറപ്പ് വരുത്തുക.
- യോഗത്തിന് മുന്നെ യോഗനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൺവീനറുമായി കൂടിയാലോചിക്കുക.
- CAB, CRC എന്നിവയുമായി CWPC യുടെ ബന്ധം ഉറപ്പിക്കുക
- ഇവിടെ കണ്ടെത്തുന്ന പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ ആസൂത്രണ സമിതിയിൽ ചർച്ചക്ക് വെയ്ക്കുക.

### കൺവീനർ

- യോഗങ്ങൾ കൃത്യസമയത്ത് നടക്കുന്നുവെന്ന് ഉറപ്പാക്കുക.
- ചെയർപേഴ്സണുമായി ആലോചിച്ച് എല്ലാ അംഗങ്ങൾക്കും മുൻകൂട്ടി ഓരോ യോഗത്തിന്റെയും അറിയിപ്പ് നിർദ്ദിഷ്ട അജണ്ടയുടെ പകർപ്പോടുകൂടി നൽകുക.
- ഓരോ യോഗത്തിന്റെയും ഹാജർ രേഖകളും മിനിട്ട്സും തയ്യാറാക്കുക. അത് ചെയർപേഴ്സണനെക്കൊണ്ട് ഒപ്പിടീച്ച് അധികൃതമാക്കുക.



- കുട്ടികൾ നേരിടുന്ന അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ചെയർപേഴ്സൺ മുഖേന റിപ്പോർട്ട് നൽകുക.
- ചെയർപേഴ്സണനിന്റെ അഭാവത്തിൽ ഏൽപ്പിക്കുന്ന ചുമതലകൾ നിർവഹിക്കുക.
- റഫർ ചെയ്ത് പരാതികളുടെ/പ്രശ്നങ്ങളുടെ പരാതി ഫയൽ തയ്യാറാക്കി സൂക്ഷിക്കുക.
- അവസാനമൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന അംഗങ്ങളുടെ വിവരങ്ങളും തുടർനടപടികളും സമിതിയിൽ റിപ്പോർട്ട് ചെയ്യുക.
- ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ബ്ലോക്ക്തല സി. ഡബ്ല്യൂ. പി. സി. യെയും ബ്ലോക്ക്തല സി. ഡബ്ല്യൂ. പി. സി. കൈക്കൊണ്ട തീരുമാനങ്ങൾ പഞ്ചായത്ത്തല സി.ഡബ്ല്യൂ.പി.സി. അംഗങ്ങളെയും അറിയിക്കുക.
- യോഗങ്ങളിലും മറ്റ് നടപടിക്രമങ്ങളിലുമെല്ലാം കുട്ടിയുടെ സ്വകാര്യത കാത്തുസൂക്ഷിക്കുക.
- സർക്കാരിൽ നിന്നുള്ള അറിയിപ്പുകൾ, ചെയർപേഴ്സണുമായി ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുക.

കുട്ടികളുടെ പ്രതിനിധി

- കുട്ടികൾ കൈവരിക്കുന്ന നേട്ടങ്ങൾ, അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ, പ്രധാന ആശങ്കകൾ, പ്രശ്നങ്ങൾ എന്നിവ സി.ഡബ്ല്യൂ.പി.സി. യിൽ അവതരിപ്പിക്കുക.
- കുട്ടികളുടെ സംരക്ഷണത്തിനും അവർക്കുള്ള വിവിധ ആവശ്യങ്ങൾ നടപ്പിൽ വരുത്തു ന്നതിനും വേണ്ട പദ്ധതി നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് നൽകുക.
- തീരുമാനങ്ങളിൽ കുട്ടികളുടെ വീക്ഷണം കൃത്യമായി അവതരിപ്പിക്കുക.

വൈസ് ചെയർപേഴ്സൺ

- ചെയർപേഴ്സണന്റെ അഭാവത്തിൽ ആ ചുമതലകൾ നിർവ്വഹിക്കുക.
- ഇവിടെ നിന്നും ലഭിക്കുന്ന പ്രശ്നങ്ങൾക്ക് ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അതത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ, വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചയ്ക്ക് വിധേയമാക്കുക.

അംഗങ്ങൾ

- കൃത്യമായി യോഗങ്ങളിൽ പങ്കെടുക്കുക
- യോഗതീരുമാനത്തിന് അനുസരിച്ച് തുടർപ്രവർത്തനങ്ങൾ ചെയ്യുക.
- പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉതകുന്ന തരത്തിൽ അവരവരുടെ വകുപ്പിന്റെ സേവനങ്ങളും നിർദ്ദേശങ്ങളും ഉറപ്പ് വരുത്തുക.
- അവരവരുടെ സ്ഥാനത്തിന്റെ ഉത്തരവാദിത്തവും അധികാരവും CWPC യുടെ പ്രവർത്ത നത്തിന് കൂട്ടായി വിനിയോഗിക്കുക.



- ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും
- ഉത്തരവാദിത്തങ്ങൾ ഷെയർ ചെയ്ത് നിർവ്വഹിക്കുക.

## കാലയളവും ഒഴിവുനികത്തലും

- സമിതികളുടെ കാലാവധി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കാലാവധി തന്നെയായിരിക്കും. എന്നാൽ പുതിയ ഭരണസമിതി അധികാരത്തിൽ വന്ന് ഒരു മാസത്തിനുള്ളിൽ പുതിയ CWPC ക്ക് രൂപം നൽകേണ്ടതാണ്.
- സി.ഡബ്ല്യു.പി.സി.യിലെ ഒരു അംഗത്തിന് എപ്പോൾ വേണമെങ്കിലും അവർ വഹിക്കുന്ന സ്ഥാനത്ത് നിന്നു രാജിവയ്ക്കാം. ഇത്തരത്തിൽ ഒരാൾ രാജി വെച്ചാൽ ആ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കുക. ഭരണസമിതി യോഗത്തിൽ വെച്ച് പുതിയ അംഗത്തെ നിശ്ചയിച്ച് ഒഴിവ് നികത്തേണ്ടതാണ്.
- തുടര്ച്ചയായി മൂന്നുയോഗങ്ങളിൽ പങ്കെടുക്കാത്ത അംഗത്തിന് നിലവിലുള്ള മൊത്തം അംഗങ്ങളിൽ 3/4 അംഗീകരിച്ച പ്രമേയത്തിലൂടെ കാരണം കാണിക്കൽ നോട്ടീസ് നൽകാനുള്ള അധികാരം സി.ഡബ്ല്യു.പി.സി.ക്ക് ഉണ്ടായിരിക്കും.
- മൊത്തം അംഗങ്ങളിൽ 3/4 പേര് അംഗീകരിച്ച, എഴുതി തയ്യാറാക്കിയ പ്രമേയത്തിലൂടെ സി.ഡബ്ല്യു.പി.സി.ക്ക് ഒരു അംഗത്തെ ഇനിപ്പറയുന്ന അടിസ്ഥാനത്തിൽ പുറത്താക്കാനോ സസ്പെൻഡ് ചെയ്യാനോ അധികാരം ഉണ്ടായിരിക്കും.
  - ഏതെങ്കിലും കോടതി ശിക്ഷിച്ചിട്ടുണ്ടെങ്കിൽ
  - മാനസികാരോഗ്യക്കുറവുമൂലം ചുമതല നിർവ്വഹിക്കാൻ കഴിവില്ല എന്നു കണ്ടാൽ.
- കമ്മിറ്റിയിൽ ഒഴിവുണ്ടെങ്കിൽ ഒരു അംഗം രാജി വച്ച/സ്ഥാനത്തു നിന്ന്പുറത്താക്കിയ സമയം മുതൽ ഒരു മാസത്തിനുള്ളിൽ നികത്തേണ്ടതാണ്.
- സി.ഡബ്ല്യു.പി.സി. രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം ഒഴിവുകൾ നികത്താൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് രേഖാമൂലം കത്ത് നൽകിയിരിക്കണം. തദ്ദേശ സ്വയംഭരണസ്ഥാപനം നിശ്ചയിച്ച് രേഖാമൂലം നൽകണം.
- ചെയർപേഴ്സന്റെ അഭാവത്തിൽ ചുമതലകൾ വൈസ് ചെയർപേഴ്സൺനെ ഏൽപ്പിക്കേണ്ടതാണ്.
- എല്ലാ തലങ്ങളിലുമുള്ള ശിശു സംരക്ഷണസമിതിയിലെ എല്ലാ അംഗങ്ങളും രഹസ്യസ്വഭാവം നിലനിർത്താൻ ബാധ്യസ്ഥരാണ്.

## നിയമപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ

- ബാല സംരക്ഷണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ ഇടപെടലുകൾ സി.ഡബ്ല്യു.പി.സി.കൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം.

- കോടതി/ജുഡീഷ്യറി/ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ലിയു.സി.)/ ജുവനൈൽ ജസ്റ്റീസ് ബോർഡ് (ജെ. ജെ. ബി.) എന്നിവർ നിലവിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ബാല ക്ഷേമ സുരക്ഷ സമിതി (സി.ഡബ്ല്യു.പി.സി) ഇടപെടുകയോ വ്യവഹാരങ്ങൾ നടത്തുകയോ ചർച്ചകൾ സംഘടിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.
- അത്തരം എന്തെങ്കിലും സംഭവമുണ്ടായാൽ അടിയന്തരമായി കൺവീനർ മുഖാന്തരം ജില്ലാ ശിശുസംരക്ഷണ ഓഫീസറെ അറിയിക്കേണ്ടതാണ്.

## റഫറൽ സംവിധാനം

ജില്ല ബാല ക്ഷേമ സുരക്ഷ സമിതികൾ തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ കുട്ടികളുടെ സംരക്ഷണപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാഥമികതലത്തിൽ ഇടപെടേണ്ടതും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ചെയർപേഴ്സൺ/കൺവീനർ രേഖാമൂലം താഴെ പറയുന്ന രീതിയിൽ റഫർ ചെയ്യേണ്ടതുമാണ്.

1. CWPC യിൽ വരുന്ന പരാതികൾ രേഖാമൂലം വാങ്ങാം, പറയുന്ന പരാതികൾ എഴുതി രേഖപ്പെടുത്താം, പരാതി പെട്ടിയിൽ നിക്ഷേപിക്കുന്നവ ഒരു നിശ്ചിത ദിവസം നമ്പറും തീയതിയും വച്ച് സ്വീകരിക്കണം. വാട്ട്സ് അപ്പ്, ഇ- മെയിൽ വഴിയും ആകാം. ഇത്തരത്തിൽ പരാതി നൽകുന്നതിന് ആർക്കും ഒരു തടസ്സവും ഓരോ മാസവും ഉണ്ടാവാൻ പാടില്ല.
2. ലഭിച്ച പരാതിയുടെ നിജസ്ഥിതി രഹസ്യമായി അന്വേഷിക്കണം പ്രത്യേകിച്ച് വാട്ട്സ് അപ്പ്, ഇ-മെയിൽ, പരാതിപ്പെട്ടി എന്നിവ വഴി വരുന്നത്. ഇതിൽ നോക്കേണ്ടത്, പരാതി തന്നത് അവർ തന്നെയാണോ, ആ പരാതി ഇപ്പോഴും ഉണ്ടോ എന്ന കാര്യം മാത്രം.
3. അടിയന്തിര പ്രാധാന്യമുള്ളതാണെങ്കിൽ, ചെയർപേഴ്സണുമായി കൺസൾട്ട് ചെയ്ത് അപ്പോൾ തന്നെ തുടർനടപടികൾക്കായി റഫർ ചെയ്യണം. എന്നാൽ കമ്മിറ്റിയിൽ ചർച്ച ചെയ്ത് കമ്മിറ്റിയുടെ തീരുമാനം കൂടി വേണ്ടതാണെങ്കിൽ അടിയന്തിര യോഗം ചേരാനായി ചെയർപേഴ്സണുമായി ആലോചിച്ച് തീയതി നിശ്ചയിക്കണം.
4. ലഭിച്ച എല്ലാ പരാതിയും രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കോപ്പി ഫയലിൽ സൂക്ഷിക്കുകയും തുടർനടപടികൾ, ഫോളോ അപ്പ് (തുടർപ്രവർത്തനങ്ങൾ) എന്നിവ ആ ഫയലിൽ അപ്ഡേറ്റ് ചെയ്യുകയും വേണം. രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ ലഭിച്ച തീയതിയും, സമയവും ലഭിച്ച മാർഗ്ഗവും നമ്പറും രേഖപ്പെടുത്തണം.
5. ഓരോ യോഗത്തിന്റേയും മിനിറ്റ്സ് കൃത്യമായി രേഖപ്പെടുത്തണം. റഫർ ചെയ്ത പരാതികളും മിനിറ്റ്സിൽ രേഖപ്പെടുത്തണം.
6. കുട്ടിക്ക് വേണ്ട നിയമ സഹായം/നിയമ ഉപദേശം നൽകാൻ സംവിധാനമുണ്ടാക്കണം
7. കുട്ടിക്കും, വീട്ടുകാർക്കും വേണ്ട മനോബലം നൽകാൻ സംവിധാനമുണ്ടാക്കണം

റഫർ ചെയ്ത ശേഷം അവിടെ നടക്കുന്ന കാര്യങ്ങൾ വിലയിരുത്താനും അപ്പപ്പോൾ കുട്ടിയേയും രക്ഷിതാവിനേയും അറിയിക്കാനും സംവിധാനമുണ്ടാവണം. വിരുദ്ധമായ പ്രവർത്തനം/നടപടി ക്രമം ഉണ്ടായാൽ വേണ്ട ഇടപെടൽ നടത്തണം.



| പ്രശ്നങ്ങൾ | റഫർ ചെയ്യേണ്ട വകുപ്പ്/ അതോറിറ്റി | പകർപ്പ് നല്കേണ്ടത് |
|---|---|---|
| വിദ്യാഭ്യാസം: സ്കൂൾ പരിസരത്ത് ശാരീരിക ശിക്ഷ അല്ലെങ്കിൽ ദുരുപയോഗം | അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ (എ.ഇ.ഒ.)/ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ (ഡി.ഇ.ഒ.) | ഡി.സി.പി.യു. |
| ആരോഗ്യം | മെഡിക്കൽ ഓഫീസർ പബ്ലിക് ഹെൽത്ത് സെന്റർ (പി.എച്ച്.സി.)/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.) | ഡി.സി.പി.യു. |
| യാത്രാ സംബന്ധമായ പ്രശ്നങ്ങൾ | ആർ.ടി.ഒ. | ഡി.സി.പി.യു. |
| സംരക്ഷണവും പരിചരണവും ആവശ്യമുള്ള കുട്ടികൾ | ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യ.സി./സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) | ഡി.സി.പി.യു. |
| ബാലവേല | അസിസ്റ്റന്റ് ലേബർ ഓഫീസർ | ഡി.സി.പി.യു. |
| ബാലവിവാഹം | ശിശുവികസന പദ്ധതി ഓഫീസർ | ഡി.സി.പി.യു. |
| കുട്ടിക്കടത്ത് | സ്റ്റേഷൻഹൗസ് ഓഫീസർ(എസ്.എച്ച്.ഒ.) | ഡി.സി.പി.യു. |
| കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ | സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) | ഡി.സി.പി.യു. |
| ലഹരി സംബന്ധമായ പ്രശ്നങ്ങൾ | ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ | ഡി.സി.പി.യു. |
| അടിയന്തര ശ്രദ്ധ ആവശ്യമുള്ള മറ്റുപ്രശ്നങ്ങൾ | ജില്ല ശിശുസംരക്ഷണ യൂണിറ്റ് | |

## പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്

- മാസാടിസ്ഥാനത്തൽ പഞ്ചായത്ത്തല ബാല ക്ഷേമ സുരക്ഷ സമിതികൾ ബ്ലോക്ക് തല ബാല ക്ഷേമ സുരക്ഷ സമിതി (ബി.സി.ഡബ്ല്യ.പി.സി) ക്കും ബ്ലോക്ക്തല ക്ഷേമ സുരക്ഷ സമിതികൾ ജില്ലാ CWPC ക്കും റിപ്പോർട്ട് ചെയ്യണം
- മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ബ്ലോക്ക് ബാല ക്ഷേമ സുരക്ഷ സമിതികൾ മാസാടിസ്ഥാനത്തിൽ ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതിക്ക് (ഡി.സി.ഡബ്ല്യ.പി.സി.) റിപ്പോർട്ട് ചെയ്യണം.
- കുട്ടികളുടെ സംരക്ഷണ പദ്ധതിയെ കുറിച്ച് ചർച്ച ചെയ്യുന്നതിനും പിന്തുണയ്ക്കുന്നതിനുമായി ജില്ലാ ശിശുസംരക്ഷണ ഓഫീസർ ( ഡി. സി. പി. ഒ. ) ( അല്ലെങ്കിൽ ഡി. സി. പി. ഒ. നാമനിർദ്ദേശം ചെയ്ത വ്യക്തി) പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ബ്ലോക്ക് എന്നിവയിലേക്ക് മോണിറ്ററിംഗ് സന്ദർശനം നടത്തണം.
- പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ബ്ലോക്ക്തല സി. ഡബ്ല്യ. പി. സി. കളുടെ പുതുക്കിയ സമ്പർക്ക ലിസ്റ്റും അവരുടെ പ്ലാനും സഹിതമുള്ള റെക്കോർഡുകൾ ജില്ലാ



ബാല ക്ഷേമ സുരക്ഷ സമിതി (ഡി.സി.ഡബ്ല്യു.പി.സി.) സൂക്ഷിക്കും.

- ബാല ക്ഷേമ സുരക്ഷ സമിതിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് (ഡി.സി.പി.യു.) തുടർ നടപടികൾക്കും സമയബന്ധിതമായ സേവനങ്ങളിലേക്കും റഫർ ചെയ്യും. ആവശ്യമെങ്കിൽ അംഗീകൃത സന്നദ്ധസംഘടനകളിൽ നിന്നുള്ള സേവനം സ്വീകരിക്കാവുന്നതാണ്.
- പുരോഗതി കണ്ടെത്തുന്നതിന് ബാല ക്ഷേമ സുരക്ഷ സമിതികളുടെ വാർഷിക വിലയിരുത്തൽ ഡി.സി.ഡബ്ല്യു.പി.സിയുടെ നേതൃത്വത്തിൽ നടത്തും.
- മാസാടിസ്ഥാനത്തിൽ യോഗം കൂടുന്ന മുറയ്ക്ക് ഉയർന്ന കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- ഓരോ തലത്തിലും നടത്തുന്ന തനത് പരിപാടികളും അവയുടെ നടത്തിപ്പും റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. ഇത് മോണിറ്ററിംഗിന് സഹായകമാകും

## റിപ്പോർട്ടിംഗ്

- ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ബാല ക്ഷേമ സുരക്ഷ സമിതികൾ ത്രൈമാസ പുരോഗതി റിപ്പോർട്ട് ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതി (ഡി.സി.ഡബ്ല്യു.പി.സി.)ക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ടതാണ്.
- ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുമ്പോൾ അതുവരെ വന്ന പരാതികൾ, പരാതിയുടെ സ്വഭാവം, റഫർ ചെയ്ത് പൂർത്തിയായത്, നടത്തിയ തനത് പ്രവർത്തനങ്ങൾ, വേണ്ട പിന്തുണ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തണം.
- പഞ്ചായത്ത്തല കമ്മിറ്റികൾ ത്രൈമാസ പുരോഗതി റിപ്പോർട്ട് ബ്ലോക്ക്തല ബാല ക്ഷേമ സുരക്ഷ സമിതി (ബി.എൽ.സി.ഡബ്ല്യു.പി.സി.)ക്ക് അയക്കണം.
- ജില്ലാ ശിശുസംരക്ഷണ ഓഫീസർ (ഡി.സി.പി.ഒ), സംയോജിത ശിശുസംരക്ഷണ പദ്ധതി കാര്യാലയത്തിൽ ( എസ്. സി. പി. എസ്) ത്രൈമാസാടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കണം.
- യോഗം കൂടുന്ന മുറയ്ക്ക് ഉയർന്ന കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

### സൂക്ഷിക്കേണ്ട രേഖകൾ

1. മിനിറ്റ്സ് ബുക്ക്
2. പരാതി/പ്രശ്ന രജിസ്റ്റർ
3. പരാതി/പ്രശ്ന ഫയൽ
4. യോഗ അറ്റന്റൻസ് രജിസ്റ്റർ
5. റഫറൻസ് രജിസ്റ്റർ

## ബാല ക്ഷേമ സുരക്ഷ സമിതികളുടെ / അംഗങ്ങളുടെ പരിശീലനം

- ജില്ലാ ബാല ക്ഷേമ സുരക്ഷ സമിതികളിലെ അംഗങ്ങൾക്ക് കുട്ടികളുടെ അവകാശത്തെ



കുറിച്ചും അത് സംരക്ഷിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തെ കുറിച്ചും പരിശീലനം നൽകും.

- സി.ഡബ്ല്യു.പി.സി.യുടെ പങ്കും, ഉത്തരവാദിത്തവും മറ്റുകാര്യങ്ങളും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി/ ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേനയോ നേരിട്ടോ സംഘടിപ്പിക്കും. കില, പ്രാദേശിക ഏജൻസികൾ, സംസ്ഥാന സർക്കാരിന്റെ പരിശീലന സെൽ എന്നിവയുമായി സഹകരിച്ച് പരിശീലനവും ഓറിയന്റേഷനും പതിവായി സംഘടിപ്പിക്കണം ( വർഷത്തിലൊരിക്കലെങ്കിലും അല്ലെങ്കിൽ ആവശ്യാനുസരണം)

## വൾണറബിലിറ്റി മാപ്പിംഗ്

(പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികളുടെ സാഹചര്യ വിശകലന സർവ്വേ)

- വിവിധതരം വിഷമസാഹചര്യങ്ങളിൽ താമസിക്കുന്ന കുട്ടികളുടെയും കുടുംബങ്ങളുടെയും വിവരശേഖരണം എന്നത് ബാലനീതിചട്ടം 2016 പ്രകാരവും സംയോജിത ശിശുസംരക്ഷണ പദ്ധതി മാർഗരേഖ പ്രകാരവും സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. വിവിധ സർക്കാർ വകുപ്പുകൾ/ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച്, ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തി വിവര ശേഖരണം നടത്തണം എന്ന നിർദ്ദേശം ബാലസുരക്ഷ മോഡൽ പ്രോട്ടോകോളിൽ (ഷഫീഖ് കമ്മിറ്റി റിപ്പോർട്ട്) ഉൾട്ടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2018 ൽ ആദ്യമായി നടപ്പാക്കിയ പ്രത്യേക സർവ്വേയാണ് (Vulnerability mapping) (പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികളുടെ സാഹചര്യ വിശകലന സർവ്വേ).
- തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വനിത ശിശുവികസന വകുപ്പിന്റെ ഉദ്യോഗസ്ഥരിലൂടെയാണ് ഈ പ്രവർത്തനം നടത്തേണ്ടത്. ഓരോ അങ്കണവാടി തലത്തിലും വാർഡ് പ്രതിനിധികളുടെ നേതൃത്വത്തിൽ കുടുംബശ്രീ, ആരോഗ്യവകുപ്പ്, പോലീസ് എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടാകണം വിവരശേഖരണം നടത്തേണ്ടത്. ഈ പ്രവർത്തനങ്ങളുടെ കണ്ടെത്തലുകൾ പഞ്ചായത്ത്തല ശിശുസംരക്ഷണ സമിതികൾക്കും അവരുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കും.
- വൾണറബിലിറ്റി മാപ്പിംഗ് നടപ്പാക്കാൻ ബാലസുരക്ഷ മോഡൽ പ്രോട്ടോകോൾ (ഷഫീഖ് കമ്മിറ്റി റിപ്പോർട്ട്) മുന്നോട്ടുവെച്ച നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി ചോദ്യാവലി, വിവരശേഖരണം നടത്തേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വിദഗ്ധരുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരശേഖരണ പ്രക്രിയയിലൂടെ സമൂഹത്തിൽ വിവിധതരം വിഷമസാഹചര്യങ്ങളിൽ താമസിക്കുന്ന കുട്ടികളെയും കുടുംബങ്ങളെയും കണ്ടെത്തി അവർക്ക് ആവശ്യമായ പരിരക്ഷ നല്കാനും കുട്ടികളുടെയും കുടുംബങ്ങളുടെയും ആവശ്യങ്ങൾക്കനുസൃതമായി തുടർ പദ്ധതികൾക്ക് രൂപം നല്കാനും കഴിയും.



അനുബന്ധം 1

## കുട്ടികളുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുക, ആവശ്യ സന്ദർഭങ്ങളിൽ കുട്ടികളെ സഹായിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. നമ്മുടെ ഭരണഘടനയും കുട്ടികളും കുട്ടികളുടെ ബലഹീനാവസ്ഥയും സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് നിർമ്മിക്കപ്പെട്ടിരിക്കുന്നതാണ്. നമ്മുടെ രാജ്യത്തിൻറെ ഭരണഘടനയിൽ കുട്ടികളുടെ സംരക്ഷണത്തിനായി അനുശാസിക്കുന്ന പ്രധാന ആർട്ടിക്കിൾ താഴെ ചേർക്കുന്നു.

### ആർട്ടിക്കിളും വിശദീകരണവും

| | |
|---|---|
| ആർട്ടിക്കിൾ 14 | തുല്യതയും തുല്യ നിയമ സംരക്ഷണവും |
| ആർട്ടിക്കിൾ 15 | വിവേചനങ്ങൾക്കെതിരെ സംരക്ഷണം |
| ആർട്ടിക്കിൾ 15(3) | സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വ്യവസ്ഥകൾ |
| ആർട്ടിക്കിൾ 19 | സ്വാതന്ത്ര്യം |
| ആർട്ടിക്കിൾ 21 | ജീവിക്കാനുള്ള അവകാശം |
| ആർട്ടിക്കിൾ 21എ | 6 – മുതൽ 14 വയസ്സുവരെ സൗജന്യവും നിർബന്ധപൂർവ്വമായ വിദ്യാഭ്യാസം |
| ആർട്ടിക്കിൾ 23 | ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും സംരക്ഷിക്കപ്പെടൽ |
| ആർട്ടിക്കിൾ 24 | 14 വയസ്സിൽ താഴെയുള്ള ബാലവേല നിരോധനം |
| ആർട്ടിക്കിൾ 39 ഇ | ഈ പ്രായത്തിനും ശേഷിക്കും ചേരാത്ത തൊഴിലുകളിൽ നിന്ന് സംരക്ഷണം |
| ആർട്ടിക്കിൾ 39എഫ് | നല്ല സാഹചര്യവും ചൂഷണത്തിൽ നിന്നും അനാഥത്വത്തിൽ നിന്നുമുള്ള സംരക്ഷണം |
| ആർട്ടിക്കിൾ 45 | 6 വയസ്സിൽ താഴെയുള്ള കരുതലും കുടുംബ വിദ്യാഭ്യാസവും |
| ആർട്ടിക്കിൾ 51 എ (കെ) | ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടിക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ നൽകാനുള്ള രക്ഷിതാവിൻ്റെയോ രക്ഷിതാവിൻ്റെയോ കടമ |

### ഇന്ത്യൻ പീനൽ കോഡ്

ഇന്ത്യൻ ശിക്ഷാനിയമത്തിലെ പുതിയ ഭേദഗതിയിൽ കുട്ടികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്ക് കൂടുതൽ കഠിനമായ ശിക്ഷകൾ നിർദ്ദേശിക്കുന്നു. 12 വയസ്സിൽ താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗത്തിന് ഇരയാക്കുന്നത് മരണശിക്ഷയും നൽകാവുന്ന കുറ്റമായി മാറ്റിയിട്ടുണ്ട്.



| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 376(3) | 16 വയസ്സ് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നത് | 20 വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ തടവും കൂടാതെ പിഴയും |
| 376(AB) | 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നത് | വധശിക്ഷയോ ജീവപര്യന്തം തടവും പിഴയും |
| 376(DA) | 16 വയസ്സ് താഴെയുള്ള പെൺകുട്ടികളെ കൂട്ട ബലാത്സംഗത്തിനിരയാക്കുന്നത് | സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും ജീവപര്യന്തം തടവും പിഴയും |
| 376(DB) | 12 വയസ്സ് താഴെയുള്ള പെൺകുട്ടികളെ കൂട്ട ബലാത്സംഗത്തിന് ഇരയാക്കിയാൽ | സംഘത്തിൽപ്പെട്ട ഓരോ അംഗത്തിനും വധശിക്ഷയോ ജീവപര്യന്തം വരെ തടവും പിഴയും |

## ബാലനീതി നിയമം
## Juvenile Justice (Care and Protection of Children) Act, 2015

ഇന്ത്യൻ ഭരണഘടനയുടെ 14, 15, 19, 21, 23, 24 എന്നീ വകുപ്പുകൾ കുട്ടികളുടെ സുരക്ഷാ ബാല്യത്തിനായി നിയമങ്ങളും വ്യവസ്ഥകളും സംവിധാനങ്ങളും അനുശാസിക്കുന്നതിനാലും കുട്ടികളുടെ സാർവലൗകികമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച കുട്ടികളുടെ അവകാശ ഉടമ്പടി 1992 ഭാരതം ഉപ്പു വച്ചതിനാലും രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരതത്തിൻറെ കടമയാണ്. ഈ പശ്ചാത്തലത്തിലാണ് നാളിതുവരെ നിലനിന്നിരുന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു കൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ ഒരു നിയമം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

ഈ നിയമത്തിന്റെ പ്രധാന സവിശേഷതകൾ പരിശോധിക്കുമ്പോൾ വകുപ്പ് 2(12) പ്രകാരം 0 മുതൽ 18 വയസ്സ് വരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവചിക്കുന്നു. കൂടാതെ നിയമമായി പൊരുത്തപ്പെടാത്ത കുട്ടി (Child in Conflict) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം. കുട്ടികളെ രണ്ട് തരത്തിൽ നിർവചിക്കുന്നത്.

### 1. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ

കുറ്റം ചെയ്തായി ആരോപിക്കപ്പെടുന്നതോ ചെയ്തു എന്ന് ബോധ്യപ്പെട്ടതും ആയ കുട്ടികളെയാണ് നിയമമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്ന് നിർവചിക്കുന്നത്

### 2. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ

ബാലവേല ചെയ്യുന്ന കുട്ടികൾ, ഭിക്ഷാടനം ചെയ്യുന്ന കുട്ടികൾ, അത്യാഹിതത്തിൽ പെടുന്ന കുട്ടികൾ, എച്ച്ഐവി എയ്ഡ്സ് ബാധിച്ച കുട്ടികൾ, ശാരീരികമായും ലൈംഗികമായും പീഡനത്തിന് ഇരയായ കുട്ടികൾ, ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ, മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ തുടങ്ങിയവർ ആണ് ശ്രദ്ധയും സമ ആവശ്യമുള്ള കുട്ടികൾ.



കുട്ടികളെ രണ്ടായി തരംതിരിക്കുന്നതിനൊപ്പം തന്നെ അവരുടെ സംരക്ഷണത്തിനും പുനരാധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും ഈ നിയമം ഉറപ്പാക്കുന്നു. പൊരുത്തപ്പെടാത്ത കുട്ടികൾക്ക് വേണ്ടി ജുവനയിൽ ജസ്റ്റിസ് ബോർഡും ശ്രദ്ധയും സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി വെൽഫെയർ കമ്മിറ്റിയും എല്ലാ ജില്ലകളിലും ഉപയോഗിക്കാൻ ഈ നിയമം നിർദ്ദേശിക്കുന്നു. ദത്തെടുക്കൽ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നിവയ്ക്ക് വേണ്ടി കുട്ടികളുടെ സുരക്ഷിതത്തിനായി സ്പെഷ്യൽ ജൂനിയർ പോലീസ് യൂണിറ്റ്, ചിൽഡ്രൻസ് ഹോംസ്, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം തുടങ്ങിയവർ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012
## [ POCSO Act 2012]

കുട്ടികൾ രാജ്യത്തിന്റെ സമ്പത്ത് ആണെന്ന് തിരിച്ചറിവ് ഉണ്ടാക്കുകയും മാതാപിതാക്കൾ കുട്ടികളെ കരുതലും വളർച്ചയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും സർക്കാർ കുട്ടികൾക്ക് വേണ്ടി വിവിധ പദ്ധതിയിൽ ആവിഷ്കരിക്കുകയും ചെയ്യുമ്പോഴും കുട്ടികൾക്കെതിരായ അക്രമങ്ങൾ നിരന്തരം വർധിച്ചുവരികയാണ്. ഇതിനെ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ നിയമസംവിധാനങ്ങളുടെ പേര് അപര്യാപ്തതയും അബോധമില്ലായ്മയും ഒരു പരിധിവരെ അതിന് കാരണമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇതേവരെ നിലവിലുള്ള നിയമങ്ങളെ പരിശോധിച്ച് വിലയിരുത്തി മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ സമഗ്രമായ നിയമം 2012 ൽ സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

കൂടാതെ ഭരണ ഘടന കുട്ടികൾക്കായി പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുവാൻ അനുശാസിക്കുന്നതിനാലും കുട്ടികളുടെ അവകാശ ഉടമ്പടിയിൽ ഇന്ത്യ ഒപ്പുവെച്ചിട്ടുള്ളതിനാലും ഇത് സർക്കാരിന്റെ ഉത്തരവാദിത്വം കൂടിയാണ്.

### ലൈംഗിക ആക്രമണങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട് 2012 നിർവ്വചനം .

ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിലും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്ക് വേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം.

### എന്തിനുവേണ്ടി ?

കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളെ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിപ്പിക്കുകയും ചെയ്യുക. വേശ്യവൃത്തിക്ക് മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്ക് വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക. അശ്ലീല വസ്തുക്കൾ നിർമ്മിക്കുന്നതിനും കുട്ടികളെ ചൂഷണം ചെയ്യുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിന് വേണ്ടിയാണ് ഇത്തരം ഒരു നിയമം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

### കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക നിയമം തരംതിരിച്ച് അതിനുള്ള നടപടിക്രമങ്ങളും ശിക്ഷയും വ്യവസ്ഥ ചെയ്യുന്നു.



| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 3,4 | ലൈംഗിക കടന്ന കയറ്റത്തിലൂടെയുള്ള ആക്രമണം | ഏഴ് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷയും പിഴയും |
| 5,6 | ഗൗരകരമായ ലൈംഗിക കടന്നുവരത്തിലുള്ള ആക്രമണം | പത്തു വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെ ആകാവുന്നതുമായ കാലത്തേക്ക് കടന്ന തടവിനും കൂടാതെ പിഴയും അർഹനാകുന്നതാണ് |
| 7,9 | ലൈംഗിക ആക്രമണം | മൂന്നവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട സർവ്വ ശിക്ഷിക്കും പിഴയും കൂടി അർഹനായി തീരുന്നതാണ് |
| 9,10 | ഗൗരവതരമായ ലൈംഗിക ആക്രമണം | അഞ്ചുവർഷത്തിൽ കുറയാത്തതും ഏഴുവർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവു ശിക്ഷിക്കും കൂടാതെ പിഴവ് ശിക്ഷിക്കും കൂടി അർഹനായി തീരുന്നതാണ് |
| 11,12 | ലൈംഗിക പീഡനം | മൂന്നവർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെ ആകാവുന്ന രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവ് ശിക്ഷക്കും പിഴയും കൂടി അർഹനായി തീരുന്നതാണ് |
| 13,14 | അശ്ലീല കാര്യങ്ങൾക്ക് വേണ്ടി കുട്ടിയെ ഉപയോഗിക്കൽ | അഞ്ചുവർഷം വരെ ആകാവുന്ന തടവു ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്ന |
| 15 | കുട്ടി ഉൾപ്പെടുന്ന അശ്ലീല സാമഗ്രികൾ ശേഖരിച്ചു വെച്ചാൽ | മൂന്നവർഷം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ് |
| 21 | കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിലോ റെക്കോർഡ് ചെയ്യുന്നതിലോ വീഴ്ച വരുത്തിയാൽ | ആറുമാസം വരെ ആകാവുന്ന തടവ് ശിക്ഷയും കൂടാതെ പിഴയും അർഹനാകുന്നതാണ് |
| 23 | മാധ്യമങ്ങളിലെ റിപ്പോർട്ടുകളിലൂടെയും കുട്ടിയെ തിരിച്ചറിയുന്ന തരത്തിൽ അയാളുടെ പേര്, വിലാസം, ഫോട്ടോ, കുടുംബ വിവരങ്ങൾ, സ്കൂൾ, അയൽവാസം അല്ലെങ്കിൽ കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന തരത്തിലുള്ള മറ്റു വിവരങ്ങൾ അടങ്ങിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയാൽ | ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതായ തടവിനും അല്ലെങ്കിൽ പിഴയും അല്ലെങ്കിൽ രണ്ടിനും കൂടി ശിക്ഷാർഹമാണ് |



## കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗ്

പത്തൊമ്പതാം വകുപ്പ് പ്രകാരം ആർക്കെങ്കിലും (കുട്ടിയടക്കമുള്ള) ഈ നിയമപ്രകാരമുള്ള കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് ആശങ്കയുണ്ടെങ്കിലോ അത്തരം കുറ്റകൃത്യം നടന്നു എന്ന് അറിവുണ്ടെങ്കിലോ അയാൾ അത്തരം അറിവ്

| | |
|---|---|
| എ. | സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന് അല്ലെങ്കിൽ |
| ബി. | ലോക്കൽ പോലീസ് നൽകേണ്ടതാണ് |
| 19(2). | ഉപവ വകുപ്പ് (1) റിപ്പോർട്ട് അനുസരിച്ച് പോലീസ് ചെയ്യേണ്ടത് |
| 19(ബി). | വിവരം നൽകിയ ആളിനെ വായിച്ചു കേൾപ്പിക്കണം |
| 19(സി) | പോലീസ് യൂണിറ്റിൽ വെച്ചിട്ടുള്ള ബുക്കിൽ രേഖപ്പെടുത്തണം |

കുട്ടിക്ക് ഉള്ളടക്കം മനസ്സിലാകുന്ന ലളിതമായ ഭാഷയിൽ ആയിരിക്കണം രേഖപ്പെടുത്തേണ്ടത്.

### മൊഴി രേഖപ്പെടുത്താനുള്ള നടപടിക്രമങ്ങൾ

| വകുപ്പ് | വിവരണം |
|---|---|
| 24 | കുട്ടിയുടെ മൊഴി കുട്ടിയുടെ വീട്ടിൽ വച്ച് അല്ലെങ്കിൽ സാധാരണഗതിയിൽ താമസിക്കുന്ന സ്ഥലത്ത് വച്ചോ അല്ലെങ്കിൽ കുട്ടിക്ക് താല്പര്യമുള്ള സ്ഥലത്ത് വച്ച കഴിയുന്നിടത്തോളം ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു വനിത പോലീസ് ഓഫീസർ റെക്കോർഡ് ചെയ്യേണ്ടതാണ് |
| 25 | കുട്ടിയുടെ മുഴുവൻ സ്റ്റേറ്റ് രേഖപ്പെടുത്തുന്ന വിധം കുട്ടി പറയുന്നത് അതുപോലെതന്നെ റെക്കോർഡ് ചെയ്യേണ്ടതാണ് ക്രിമിനൽ നടപടിക്രമം164 |
| 26 | കുട്ടിയുടെ രക്ഷാകർത്താക്കളുടെയും അല്ലെങ്കിൽ കുട്ടിക്ക് വിശ്വാസമുള്ള ആളുകളുടെയോ കുറ്റമിത്രത്തിന്റെയോ സാന്നിധ്യത്തിൽ കുട്ടി പറയുന്ന അതേ രീതിയിൽ തന്നെയായിരിക്കണം മൊഴി രേഖപ്പെടുത്തേണ്ടത് |
| 27 | പീഡനത്തിന് ഇരയായ പെൺകുട്ടിയാണെങ്കിൽ പരിശോധന നടത്തേണ്ടത് ഒരു വനിത ഡോക്ടർ ആയിരിക്കണം |
| 28 | സംസ്ഥാനസർക്കാർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടി ആലോചിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാനുമായി ഓരോ ജില്ലയിലും ഒരു സെഷൻസ് കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കേണ്ടതാണ് |
| 34 | കുട്ടിയാണ് കുറ്റകൃത്യം ചെയ്യുന്നതെങ്കിൽ അതിനു പാലിക്കേണ്ട നടപടിക്രമവും സ്പെഷ്യൽ കോടതി വയസ്സ് നിർണയിക്കുന്ന രീതിയും (ബാലനീതി ആക്ട് ) കുട്ടികളുടെ പരിചരണവും സംരക്ഷണവും വ്യവസ്ഥകൾക്കനുസൃതമായിരിക്കും |
| 37 | കുട്ടിയുടെ രക്ഷാകർത്താക്കളുടെയോ കുട്ടിക്ക് പൂർണ്ണ വിശ്വാസമുള്ള മറ്റൊരാളുടെയോ സാന്നിധ്യത്തിൽ രഹസ്യം ആയിട്ട് ആയിരിക്കണം വിചാരണ നടത്തേണ്ടത് |



കുട്ടികളുടെ ശരിയായ വികാസത്തിനും സ്വകാര്യതയ്ക്കുള്ള അവകാശം സംരക്ഷിക്കുവാൻ കുട്ടികളുമായി ബന്ധപ്പെട്ട നിയമനടപടികളുടെ രഹസ്യാത്മക കാത്തുസൂക്ഷിച്ചുകൊണ്ടും നിയമം പ്രവർത്തികമാക്കണമെന്ന് ഓരോ ഘട്ടത്തിലും കുട്ടിയുടെ ഉത്തമ താൽപര്യത്തിനും നന്മയ്ക്കും പരമപ്രധാനം നൽകിക്കൊണ്ട് നടപ്പിലാക്കാൻ നമുക്ക് കഴിയണം. ഇതിലൂടെ ആരോഗ്യപരമായ, ശാരീരിക, മാനസിക, ഭൗതിക, സാമൂഹിക വികാസം ഉറപ്പ് വരുത്തിക്കൊണ്ട് നമ്മുടെ കുട്ടികളെ ഭാവിയിലേക്ക് തയ്യാറെടുപ്പിക്കുന്ന പ്രക്രിയയിൽ നമുക്കും പങ്കാളികളാകാം.

## ബാലവേല നിരോധന ഭേതഗതി നിയമം 2016

### എന്താണ് ബാലവേല?

18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തെ നഷ്ടപെടുത്തുന്ന രീതിയിൽ ബാല്യം അപഹരിച്ചുകൊണ്ട് അവർക്ക് ശാരീരികവും, സാമൂഹികവും, വൈകാരികവും, മാനസികവുമായ ആപൽക്കരമായ ഏതെങ്കിലും തരത്തിലുള്ള ജോലികൾ ചെയ്യിക്കുന്നതിനെയാണ് ബാലവേല എന്ന് പറയുന്നത്. ഇൻ്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് 1 6 8 മില്ല്യൺ കുട്ടികൾ ലോകത്താകമാനം ബാലവേലക്ക് ഇരയാകുന്നുണ്ട്.

### 18 വയസ്സിന് താഴെ തൊഴിലെടുക്കുന്ന എല്ലാവരും ബാലവേലക്കാരാണോ?

ബാലവേല നിരോധന നിയമം 1986 പ്രകാരം 14 വയസ്സിനുതാഴെയുള്ള കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് ബാലവേലയാണ്. സർക്കസ്, വർക്ക്ഷോപ്പ്, ഹോട്ടൽ, ടീ ഷോപ്പ്, റോഡ് സൈഡി ലുള്ള തെരുവോര ഭക്ഷണ പാനീയ വിൽപ്പന എന്നിവകൾ എല്ലാം ഇതിൽ ഉൾപ്പെടുന്നു.

ബാലവേല നിരോധന ഭേതഗതി നിയമം 2016 പ്രകാരം 14 നും 18 നും ഇടയിലുള്ള കൗമാരപ്രായക്കാർക്കും ബാലവേലയിൽ നിന്നും സംരക്ഷണം നൽകുന്നു. നിയമപ്രകാരം അനുശാസിച്ചിട്ടുള്ള ഷെഡ്യൂൾ A പ്രകാരമുള്ള 1 8 തരം തൊഴിലുകളിലും ഷെഡ്യൂൾ B പ്രകാരമുള്ള 65 വ്യവസായ പ്രക്രിയകളിലും കൗമാരക്കാർക്കും സംരക്ഷണം നൽകുന്നു.

14 നും 18 നും ഇടയിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് 2015 ലെ ബാല നീതി നിയമവും ഉണ്ട്. ഇത് പ്രകാരം 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ച് കൊണ്ട് നിർബന്ധിപ്പിച്ച് ജോലികൾ ചെയ്യിപ്പിക്കുന്നത് കുട്ടികൾക്കെതിരെയുള്ള ചൂഷണം എന്ന ഗണത്തിൽപെടുന്നു.

### ബാലവേലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

- ബാലാവകാശ ധ്വംസനം.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.
- വിദ്യാഭ്യാസം നഷ്ടപ്പെടുന്നു.
- ശാരീരികവും മാനസികവുമായ പീഡനങ്ങൾ.



- വിട്ടുമാറാത്ത അസുഖങ്ങൾ.
- കുറഞ്ഞ വേതനം.
- ക്ലേശകരമായ ജോലി.
- ലൈംഗിക അതിക്രമം.

### ബാലവേലയിൽ അകപ്പെട്ട കുട്ടിയാണോ എന്ന് എങ്ങിനെ ഉറപ്പ് വരുത്താം

ബാലവേലയിൽ അകപ്പെട്ടത് കുട്ടിയാണോ എന്ന് സംശയാസ്പദമായി കണ്ടെത്തിയാൽ ജില്ലാ ലേബർ ഓഫീസിലോ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലോ, തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ, ചൈൽഡ് ലൈനിലോ വിവരം അറിയിക്കുക.

കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ മുൻപിൽ ഹാജരാക്കുകയും വൈദ്യപരിശോധനക്ക ശേഷം കുട്ടിയാണെന്ന് കണ്ടെത്തിയാൽ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് കുട്ടിയെ സ്വന്തം കുടുംബത്തിൽ എത്തിക്കുന്നതിന് വേണ്ട പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതാണ്. കുട്ടിയുടെ ഉത്തമ താൽപ്പര്യം പരിഗണിച്ചായിരിക്കും പുനരധിവാസം.

### ബാലവേല ശ്രദ്ധയിൽപ്പെട്ടാൽ എന്ത് ചെയ്യണം

ഏതെങ്കിലും ഭാഗങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ചെറുകിട വ്യവസായ ശാലകളിലും മറ്റിടങ്ങളിലും ജോലിചെയ്യുന്ന രീതിയിൽ കുട്ടികളെ കണ്ടെത്തുകയാണെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിനെയോ, ചൈൽഡ് വെൽഫയർ കമ്മറ്റിയെയോ, ജില്ലാ ലേബർ ഓഫീസറെയോ, ചൈൽഡ്ലൈൻ പ്രവർത്തകരെയോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലോ (112) വിവരം അറിയിക്കേണ്ടതാണ്.

വിവരം നൽകുന്ന വ്യക്തി ആരാണെന്നുള്ളത് വെളിപെടുത്തുന്നതല്ല. തികച്ചും സ്വകാര്യതയോടെ വിവരങ്ങൾ സൂക്ഷിക്കുന്നതാണ്.

### ബാലവേല നേരിടാനുള്ള നിയമങ്ങൾ

- ബാലവേല നിരോധന ഭേദഗതി നിയമം 2016 പ്രകാരം ബാലവേല ചെയ്യിപ്പിച്ചതായി കണ്ടെത്തിയാൽ 6 മാസം മുതൽ 2 വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ 20000 (ഇരുപതിനായിരം) രൂപ മുതൽ 50000 (അൻപതിനായിരം) രൂപ വരെ പിഴയും ഈടാക്കാ വുന്നതാണ്.
- 2015 ലെ ബാലനീതി നിയമ പ്രകാരം കുട്ടികളെ ചൂഷണം ചെയ്യുന്നവർക്ക് എതിരെ 5 വർഷം വരെ തടവും 100000 (ഒരു ലക്ഷം) രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.
- 1976 ലെ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്റ്റും നിലവിലുണ്ട്. ഇത് പ്രകാരം 2000 (രണ്ടായിരം) രൂപ വരെ പിഴയും 3 വർഷം തടവും ലഭിക്കാവു ന്ന കുറ്റമാണ്.



## ബാലവേല സംബന്ധിച്ച സുപ്രീം കോടതി വിധി

ബഹുമാനപ്പെട്ട സുപ്രീം കോടതി സംസ്ഥാന സർക്കാരുകൾക്ക് കാലാകാലങ്ങളിൽ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- അപകടകരമായ തൊഴിലുകളിൽ ജോലി ചെയ്യുന്ന കുട്ടികളുടെ സർവേ പൂർത്തിയാക്കൽ;
- നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ജോലി ചെയ്യുന്ന ഓരോ കുട്ടിക്കും കുറ്റക്കാരനായ തൊഴിലുടമ 20,000/- രൂപ നഷ്ടപരിഹാരം നൽകുക;
- അപകടകരമായ തൊഴിലുകളിൽ നിന്ന് പിൻവലിച്ച കുട്ടിയുടെ മുതിർന്ന അംഗത്തിന് ബദൽ തൊഴിൽ നൽകുക അല്ലെങ്കിൽ അപകടകരമായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ കുട്ടിക്കും ഉചിതമായ സർക്കാർ 5,000/- രൂപ നൽകുക;
- ജോലിയിൽ നിന്ന് പിൻവലിച്ച കുട്ടിയുടെ കുടുംബത്തിന് 25,000/- രൂപ (തൊഴിലുടമ 20,000/- രൂപയും ഉചിതമായ ഗവൺമെൻ്റ് 5,000/- രൂപയും) കോർപ്പസിൽ പലിശ അടയ്ക്കൽ
- ജോലിയിൽ നിന്ന് പിൻവലിച്ച കുട്ടിക്ക് അനുയോജ്യമായ ഒരു സ്ഥാപനത്തിൽ വിദ്യാഭ്യാസം നൽകുക;
- ബാലവേല പുനരധിവാസ-ക്ഷേമനിധി ഫണ്ടിന്റെ ഭരണഘടന;
- നിരീക്ഷണത്തിനായി ഉചിതമായ ഗവൺമെന്റിന്റെ തൊഴിൽ വകുപ്പിൽ ഒരു പ്രത്യേക സെല്ലിന്റെ ഭരണഘടന.

## കുട്ടികളുടെയും കൗമാരക്കാരുടെയും തൊഴിൽ പുനരധിവാസ ഫണ്ട് ലഭ്യമാക്കുക:

പുനരധിവാസ ഫണ്ടിന് നിയമപരമായ ബാക്കപ്പ് നൽകുന്നതിനായി, ബാലവേല (നിയന്ത്രണ നിരോധന) ഭേദഗതി നിയമം, 2016-ൽ ശിശു, കൗമാര തൊഴിലാളി പുനരധിവാസ ഫണ്ട് ജില്ലാതലത്തിൽ രൂപീകരിക്കുന്നതിനായി സർക്കാർ ഒരു വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്. രക്ഷപ്പെടുത്തുക മാത്രമല്ല, അവൻ്റെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനുമായി ശേഖരിക്കുന്ന തുകകൊണ്ട് അവൻ്റെ ഭാവി സുരക്ഷിതമാക്കുന്നു. കുട്ടിയുടെയോ കൗമാരക്കാരൻ്റെയോ തൊഴിലുടമയിൽ നിന്ന് ഈടാക്കുന്ന പിഴ തുക പുനരധിവാസ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും, കൂടാതെ ജോലിയിൽ നിന്ന് രക്ഷപ്പെട്ട ഓരോ കുട്ടിക്കും കൗമാരക്കാർക്കും ഉചിതമായ സർക്കാർ പതിനയ്യായിരം തുകയും ക്രെഡിറ്റ് ചെയ്യും.

## വിദ്യാഭ്യാസ അവകാശ നിയമം (2009)

ഇന്ത്യയിലെ 6-14 വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കിയ ഒരു സുപ്രധാന നിയമനിർമ്മാണം. വിദ്യാഭ്യാസ വിടവ് നികത്താനും എല്ലാവർക്കും ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.



| | |
|---|---|
| 3 | 6 – 1 4 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനൽകുന്നു. |
| 11(1 | പ്രവേശന സമയത്ത് വിവേചനം കാണിക്കുന്നതിൽ നിന്ന് സ്കൂളുകളെ വിലക്കുന്നു. |
| 12(1)c) | പിന്നാക്ക വിഭാഗങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്യാൻ സ്വകാര്യ സ്കൂളുകളെ നിർബന്ധിക്കുന്നു. 1 7 സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുക യെന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാക്കുന്നു. |

## നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റാൻസസ് ആക്ട് (NDPS) (1985)

മയക്കുമരുന്ന് മയക്കുമരുന്നുകളും സൈക്കോട്രോപിക് പദാർത്ഥങ്ങളും അവയുടെ നിയമവിരുദ്ധമായ ഉപയോഗം തടയുന്നതിനും മയക്കുമരുന്ന് ദുരുപയോഗത്തിൻ്റെ ദോഷകരമായ ഫലങ്ങളിൽ നിന്ന് ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ നിയമം കർശനമായി നിയന്ത്രിക്കുന്നു.

| | |
|---|---|
| 8 | നിയമവിരുദ്ധമായ മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിരോധിക്കുന്നു. |
| 20 | യുവാക്കൾക്ക് പ്രത്യേകിച്ച് അപകടസാധ്യതയുള്ള മയക്കുമരുന്നായ കഞ്ചാവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ പ്രത്യേകം അഭിസംബോധന ചെയ്യുന്നു. |
| 27 | നിയമവിരുദ്ധ മയക്കുമരുന്ന് അല്ലെങ്കിൽ സൈക്കോട്രോപിക് പദാർത്ഥത്തിന്റെ ഉപഭോഗം കുറ്റകരമാക്കുന്നു. |

## സൈബർ നിയമങ്ങൾ

ഓൺലൈൻ സുരക്ഷയെ അഭിസംബോധന ചെയ്യുന്ന നിയമങ്ങൾ ഇന്ത്യയിൽ ഉണ്ട്, പ്രത്യേകിച്ച് കുട്ടികൾക്കായി. ഈ നിയമങ്ങൾ ഓൺലൈൻ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനും ചൂഷണം ചെയ്യുന്നതിനും എതിരെ ലക്ഷ്യമിടുന്നു.

ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് (2000): ഓൺലൈൻ ചൈൽഡ് പോണോഗ്രാഫിയും ലൈംഗിക ആവശ്യങ്ങൾക്കായുള്ള "ഗ്രൂമിംഗ്" ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു.

ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം (പോക്സോ നിയമം) (2012): ഓൺലൈൻ പോണോഗ്രാഫിയും അതിന്റെ വിതരണവും ഉൾപ്പെടെയുള്ള കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്നു.

## ഭാരതീയ ന്യായ സംഹിത, 2023

2023 ഡിസംബറിൽ നടപ്പിലാക്കിയ ഭാരതീയ ന്യായ സംഹിത (BNS), പഴയ ഇന്ത്യൻ പീനൽ കോഡിന് (IPC) പകരമുള്ള ഇന്ത്യയുടെ നിലവിലെ ക്രിമിനൽ കോഡാണ്. ഈ പുതിയ നിയമം

സൈബർ കുറ്റകൃത്യങ്ങൾ, ഐപിസിയിൽ ഉൾപ്പെടാത്ത സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയ ആധുനിക കുറ്റകൃത്യങ്ങളെ അഭിസംബോധന ചെയ്യുന്നു.

കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾക്ക് കഠിനമായ ശിക്ഷകൾ ഏർപ്പെടുത്തിക്കൊണ്ട് കുട്ടികളെ സംരക്ഷിക്കുന്നതിന് ഇത് മുൻഗണന നൽകുന്നു.

BNS തന്നെ പ്രാബല്യത്തിലായിരിക്കുമ്പോൾ, 2023 ജൂലൈ 1 മുതൽ പൂർണ്ണമായി പ്രാബല്യത്തിൽ വരും. ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (BNSS), BNS കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിർവചിക്കുന്ന ഭാരതീയ സാക്ഷ്യ ബിൽ എന്നിവ പോലെയുള്ള കോംപ്ലിമെൻ്ററി നിയമങ്ങളും നിലവിൽ വരും.

ബിഎൻഎസിന്റെ അഞ്ചാം അധ്യായത്തിലെ സെക്ഷൻ 93 – 99 കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ വകുപ്പുകൾ 317,318,366A,369,372, 373 (IPC) മാറ്റിസ്ഥാപിക്കും.

## പുതിയ നിയമലംഘനങ്ങൾ

സെക്ഷൻ 95 – ഒരു കുറ്റം ചെയ്യുന്നതിനായി ഒരു കുട്ടിയെ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ഇടപഴകുകയോ ചെയ്യുക. – കുറ്റം ചെയ്യുന്നതിനായി ഏതെങ്കിലും കുട്ടിയെ നിയമിക്കുകയോ ജോലിക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുകയോ ചെയ്യുന്നയാൾക്ക് മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടിയേക്കാവുന്നതുമായ തടവും പിഴയും ലഭിക്കും.

വിശദീകരണം – ലൈംഗിക ചൂഷണത്തിനോ അശ്ലീലസാഹിത്യത്തിനോ വേണ്ടി കുട്ടിയെ ഉപയോഗിക്കുക ജോലിയിൽ ഏർപ്പെടുത്തുക, അല്ലെങ്കിൽ ഉപയോഗിക്കുക എന്നിവ ഈ വിഭാഗത്തിന്റെ അർത്ഥത്തിൽ ഉൾക്കൊള്ളുന്നു.

### മാറ്റങ്ങൾ

| IPC കുറ്റം | BNS കുറ്റം |
|---|---|
| 376<br>ബലാത്സംഗത്തിനുള്ള ശിക്ഷ<br>376(3) | 65. ചില കേസുകളിൽ<br>ബലാത്സംഗത്തിനുള്ള ശിക്ഷ.<br>65(1) പതിനാറ് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്യുന്നവർ, ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം വരെ നീണ്ടുനിൽക്കും, അതായത് ബാക്കിയുള്ളവർക്ക് തടവ്. ആ വ്യക്തിയുടെ സ്വാഭാവിക ജീവിതത്തിൻ്റെ, കൂടാതെ പിഴയും |



| | |
|---|---|
| 376<br>ബലാത്സംഗത്തിനുള്ള ശിക്ഷ<br>376(3) | ബാധ്യസ്ഥരായിരിക്കും: അങ്ങനെ ചെയ്താൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായവുമാണ്: കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ് |
| 376 എബി.<br>ബലാത്സംഗത്തിനുള്ള ശിക്ഷ –<br>പന്ത്രണ്ട് വയസ്സിന് താഴെയുള്ള സ്ത്രീ | 65(2) പ്രകാരം പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു സ്ത്രീയെ ബലാത്സംഗം ചെയ്താൽ, അത് ഇരുപത് വർഷത്തിൽ കുറയാത്ത കഠിന തടവിന് ശിക്ഷിക്കപ്പെടും, എന്നാൽ അത് ജീവപര്യന്തം തടവ് വരെ നീണ്ടേക്കാം, അതായത് വ്യക്തിയുടെ |
| | സ്വാഭാവിക ജീവിതത്തിന്റെ ബാക്കിയുള്ള ആയുസ്സ്, പിഴയോ, വധശിക്ഷയോ. എന്നാൽ, അത്തരം പിഴ ഇരയുടെ ചികിത്സാ ചെലവുകളും പുനരധിവാസവും നിറവേറ്റുന്നതിന് ന്യായവും ന്യായയുക്തവുമായിരിക്കും:<br>കൂടാതെ, ഈ ഉപവകുപ്പ് പ്രകാരം ചുമത്തുന്ന ഏതെങ്കിലും പിഴ ഇരയ്ക്ക് നൽകേണ്ടതാണ് |
| പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്ക് പകരം കുട്ടി എന്ന വാക്ക് ചേർക്കപ്പെട്ടു | |
| 366എ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പ്രൊക്യുറേഷൻ.<br>പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. | 96. കുട്ടിയുടെ പ്രൊക്യുറേഷൻ<br>പത്ത് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ് |
| 373. വേശ്യാവൃത്തിക്ക് വേണ്ടി പ്രായപൂർത്തിയാകാത്തവരെ വാങ്ങുക – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗീകമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് പത്ത് വർഷം വരെ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം. | 99. വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങൽ – പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടിയെ വാങ്ങുകയോ മറ്റെന്തെങ്കിലും വിധത്തിൽ ലൈംഗീകമായി ദുരുപയോഗം ചെയ്യുകയോ ആണെങ്കിൽ ഈ കുറ്റം ചെയ്ത വ്യക്തിക്ക് ഏഴ് വർഷത്തിൽ കുറയാത്തതും എന്നാൽ പതിനാല് വരെ നീണ്ടുനിൽക്കുന്നതുമായ കഠിന തടവും പിഴ ശിക്ഷയും വിധിക്കപ്പെടാം. |



| | |
|---|---|
| 361. നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകൽ.– പതിനാറ് വയസ്സിന് താഴെയുള്ള ഏതെങ്കിലും പ്രായപൂർത്തിയാകാത്ത പുരുഷനോ അല്ലെങ്കിൽ പതിനെട്ട് വയസ്സിന് താഴെയുള്ള സ്ത്രീയോ, അങ്ങനെയുള്ളവരെ നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന് തട്ടിക്കൊണ്ടുപോകുകയാണെങ്കിൽ അതിനുള്ള ശിക്ഷ പരാമർശിക്കുന്നു | 137. തട്ടിക്കൊണ്ടുപോകൽ.– (1)(ബി) നിയമാനുസൃത രക്ഷാകർതൃത്വത്തിൽ നിന്ന്, രക്ഷിതാവിന്റെ സമ്മതമില്ലാതെ, ഏതെങ്കിലും കുട്ടിയെയോ മാനസിക അസ്വസ്ഥതയുള്ള കുട്ടിയെയോ പിടിച്ചുകൊണ്ടുപോകുകയോ വശീകരിക്കുകയോ ചെയ്താൽ പത്തു വർഷം വരെ നീണ്ടുനിൽകക്കാവുന്ന കഠിന തടവോ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയ്ക്കു ബാധ്യസ്ഥരായിരിക്കും |

കുറ്റവും ശിക്ഷയും

| | |
|---|---|
| 91 | ഏതൊരു കുട്ടിയുടെയും ജനനത്തിനുമുമ്പ്, ആ കുഞ്ഞ് ജനിക്കുന്നത് തടയുകയോ അല്ലെങ്കിൽ ജനിച്ചതിന് ശേഷം മരിക്കുകയോ ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരെങ്കിലും എന്തെങ്കിലും പ്രവൃത്തി ചെയ്താൽ, അത്തരം പ്രവൃത്തിയിലൂടെ ആ കുഞ്ഞിനെ ജീവനോടെ ജനിക്കുന്നത് തടയുകയോ അല്ലെങ്കിൽ മരിക്കാൻ ഇടയാക്കുകയോ ചെയ്യുന്നു. അതിന്റെ ജനനം, അമ്മയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി നല്ല വിശ്വാസത്തോടെ അത്തരം പ്രവൃത്തി ചെയ്തില്ലെങ്കിൽ, ഒന്നുകിൽ പത്തു വർഷം വരെ നീണ്ടുനിൽക്കുന്ന ഒരു വിവരണത്തിൻ്റെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടും. |
| 93 | പന്ത്രണ്ട് വയസ്സിന് താഴെയുള്ള ഒരു കുട്ടിയുടെ പിതാവോ അമ്മയോ അല്ലെങ്കിൽ അത്തരം കുട്ടിയുടെ സംരക്ഷണം ഉള്ളവരോ, കുട്ടിയെ ഉപേക്ഷിച്ചാൽ ഏഴ് വർഷം വരെ നീട്ടിയേക്കാവുന്ന തടവ് ശിക്ഷയോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും |
| 94 | ഒരു കുഞ്ഞ് ജനനത്തിനു മുമ്പോ ശേഷമോ അതിനിടയിലോ മരിച്ചാൽ മൃതദേഹം രഹസ്യമായി സംസ്കരിക്കുകയോ ചെയ്താൽ, മനഃപൂർവം മറച്ചുവെക്കുകയോ മറച്ചുവെക്കാൻ ശ്രമിക്കുകയോ ചെയ്താൽ, ഒന്നുകിൽ ഒരു നിശ്ചിത കാലത്തേക്ക് തടവ് ശിക്ഷ ലഭിക്കും. അത് രണ്ട് വർഷത്തേക്ക് നീട്ടാം, അല്ലെങ്കിൽ പിഴ, അല്ലെങ്കിൽ രണ്ടും കൂടി. |
| 95 | കുറ്റം ചെയ്യുന്നതിനായി കുട്ടിയെ ഉപയോഗിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്താൽ, മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷം വരെ നീട്ടാവുന്നതുമായ കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും .<br><br>ഈ കുറ്റം ചെയ്യാൻവേണ്ടി ഗൂഢാലോചന നടത്തിയാൽ കൂടിയും കുറ്റം ചെയ്യുന്നതുപോലെയുള്ള ശിക്ഷതന്നെയായിരിക്കും ഗൂഢാലോചന നടത്തിയ വ്യക്തിക്ക് ലഭിക്കുക. |



| | |
|---|---|
| 97 | പത്തു വയസ്സിൽ താഴെയുള്ള ഏതൊരു കുട്ടിയെയും തട്ടിക്കൊണ്ടുപോകുകയോ ചെയ്താൽ, സത്യസന്ധതയില്ലാതെ ഒരു വസ്തു കൈക്കലാക്കുക എന്ന ഉദ്ദേശത്തോടുകൂടി കുട്ടിയെ തട്ടികൊണ്ട് പോകുകയാണെങ്കിൽ ഏഴു വർഷം വരെ നീണ്ടുനിൽക്കുന്ന കഠിന തടവോ, പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടി അനുഭവിക്കാൻ ബാധ്യസ്ഥരായിരിക്കും. |
| 98 | വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വിൽക്കുന്നു. |
| 99 | വേശ്യാവൃത്തിക്കും മറ്റും വേണ്ടി കുട്ടിയെ വാങ്ങുക. |

അനുബന്ധം 2

# ബാലസംരക്ഷണ സംവിധാനങ്ങളും സേവനങ്ങളും

## ജുവനൈൽ ജസ്റ്റിസ് ബോർഡ്

ബാലനീതി നിയമം 2015 ലെ 4 മുതൽ 26 വരെയുള്ള വകുപ്പ് പ്രകാരം നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. മൂന്ന് അംഗങ്ങൾ അടങ്ങുന്ന ഈ സംവിധാനത്തിൽ അതാത് ജില്ലകളിലെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ആണ് ചെയർപേഴ്സൺ. രണ്ട് സാമൂഹിക പ്രവർത്തകർ കൂടി അംഗങ്ങളാ യുള്ള ഈ ബെഞ്ചില് കുറഞ്ഞത് ഒരു വനിതയുടെ പ്രാതിനിധ്യമെങ്കിലും ഉണ്ടായിരിക്കണം.

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളെ കേസെടുത്ത് 2 4 മണിക്കൂറിനുള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ ഹാജരാക്കേണ്ടതാണ്. അത്തരം കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ബാലനീതി നിയമം വകുപ്പ് 4 ( 1 ) പ്രകാരം ജുവനൈൽ ജസ്റ്റീസ് ബോർഡിനാണ്. 16 വയസുകഴിഞ്ഞതും വളരെ ഗൗരവപ്പെട്ട കുറ്റങ്ങൾ ചെയ്തതുമായ കുട്ടികളെ പ്രാഥമിക വിശകലന (Preliminary Assessment) ത്തിൽ കുട്ടിയെ മുതിർന്ന ആളെപ്പോലെ വിചാരണ ചെയ്യാം എന്ന് കാണുന്നപക്ഷം കേസ് കുട്ടികളുടെ കോടതിയിലേക്ക് മാറ്റാൻ ബോർഡിന് ഉത്തരവിടാൻ കഴിയും.

## കുറ്റവും ശിക്ഷയും

ബാലനീതി നിയമം 2 0 1 5 കുട്ടികളുമായി ബന്ധപ്പെട്ട വിവിധ കുറ്റകൃത്യങ്ങൾക്ക് അനുശാസിക്കുന്ന ശിക്ഷകൾ താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| വകുപ്പ് | കുറ്റം | ശിക്ഷ |
|---|---|---|
| 33 | ഏതെങ്കിലും കുട്ടിയെ ഉപേക്ഷിച്ചോ നഷ്ടപ്പെട്ടോ കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ | ആറുമാസം വരെ തടവും പിഴയും |
| 42 | കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമ പ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയില്ലെങ്കിൽ | ഒരു വർഷം വരെ തടവും ഒരു ലക്ഷത്തിൽ കുറയാത്ത പിഴയും |
| 74 | കുറ്റകൃത്യത്തിന് ഇരയായ കുട്ടികളുടെയോ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെയോ വിവരങ്ങൾ പുറത്ത് വിടുക | ആറുമാസം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും |
| 75 | കുട്ടികളെ ആക്രമിക്കുക, ഉപദ്രവിക്കുക, അവഗണിക്കുക അതിലൂടെ കുട്ടികൾക്ക് മാനസിക, ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക | മൂന്നുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും |



| | | |
|---|---|---|
| 76 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ | അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും |
| 77 | കുട്ടികൾക്ക് മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കൾ നൽകൽ | ഏഴുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും |
| 78 | മദ്യം – മയക്കുമരുന്ന് എന്നിവയുടെ വില്പനയ്ക്കോ വിതരണത്തിനോ കള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിക്കൽ | ഏഴുവർഷം വരെ കഠിന തടവും ഒരു ലക്ഷം രൂപ വരെ പിഴയും |
| 79 | അടിമവേല ചെയ്യിപ്പിക്കുകയോ ജോലി ചെയ്യിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ | അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും |
| 80 | കുട്ടികളെ നിയമവിരുദ്ധമായി ദത്തെടുക്കുകയും ദത്തു നൽകുകയും ചെയ്യൽ | മൂന്നുവർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും |
| 81 | കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ | അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ പിഴയും |
| 82 | സ്ഥാപനത്തിലെ അമിത ശിക്ഷ | മൂന്നുമാസം വരെ തടവും പിഴയും |
| 83 | പ്രശ്നങ്ങൾ ഉണ്ടാക്കാനായി കുട്ടികളെ ദുരുപയോഗം ചെയ്താൽ | ഒരു വർഷം വരെ തടവും അഞ്ചുലക്ഷം രൂപ പിഴയും |

## ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യത്തിൽ തീർപ്പ കൽപ്പിക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി ( C W C ) എന്ന സംവിധാനം നിലവിലുണ്ട്. ഒരു ചെയർപേഴ്സണും 4 അംഗങ്ങളും ചേർന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി.

ചെയർപേഴ്സൺ അംഗങ്ങളും കുട്ടികളുടെ അവകാശസംരക്ഷണ മേഖലയിൽ പ്രവൃത്തിപരിചയവും പ്രാവീണ്യവും ഉള്ളവരായിരിക്കണം. അംഗങ്ങളിൽ ഒരാളെങ്കിലും വനിത ആയിരിക്കണം. ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരങ്ങളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് നൽകിയിട്ടുള്ളത്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ ആർക്കുവേണമെങ്കിലും കമ്മിറ്റിയുടെയോ ഒരു അംഗത്തിന്റെയോ മുമ്പാകെ ഹാജരാക്കാവുന്നതാണ്.

### ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പ്രധാന ചുമതലയും ഉത്തരവാദിത്തങ്ങളും:

1. കമ്മിറ്റിക്കു മുമ്പാകെ ഹാജരാക്കുന്ന കുട്ടികളെ സ്വീകരിക്കുക
2. ഹാജരാക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ തീരുമാനങ്ങൾ എടുക്കുക.
3. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്വമേധയാ ഏറ്റെടുത്ത് തീർപ്പാക്കുക.
4. കുട്ടികളുടെ സംരക്ഷണത്തിന് വെല്ലുവിളി ഉണ്ടാക്കുന്ന സന്ദർഭങ്ങളിൽ അന്വേഷണം നടത്തുക.



5. ശ്രദ്ധയും സംരക്ഷണവും അഭയവും ഉറപ്പുവരുത്തുക.
6. ആവശ്യമെങ്കിൽ, ഹാജരാക്കുന്ന കുട്ടികളുടെ വൈദ്യപരിശോധന നടത്തുകയും പ്രായം സ്ഥിരീകരിക്കുകയും ചെയ്യുക.
7. കുട്ടികളെ പുനരധിവാസിപ്പിക്കുക, കാണാതാവുന്ന കുട്ടികളെ കണ്ടെത്തുകയും വീടുകളിൽ തിരിച്ചെത്തിക്കുകയും ചെയ്യുക.
8. കമ്മിറ്റിയുടെ നടപടി ക്രമങ്ങളും ഓരോ കുട്ടിയെക്കുറിച്ചും എടുത്ത തീരുമാനവും എഴുതി തയ്യാറാക്കി സൂക്ഷിക്കുക.
9. ശിശുസൗഹൃദ അന്തരീക്ഷം കമ്മിറ്റിയിൽ ഉറപ്പുവരുത്തുക.
10. കുഞ്ഞുങ്ങളില്ലാത്ത മാതാപിതാക്കൾക്ക് പോറ്റിവളർത്താനുള്ള (Foster Care) നടപടികളുടെ നിയമവ്യവസ്ഥ പരിശോധിക്കുകയും കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.
11. കുട്ടിയെ ദത്തെടുക്കൽ നിയമപ്രകാരം സർട്ടിഫിക്കറ്റ് നൽകുക.
12. കുട്ടികളെ പാർപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുകയും ആ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
13. കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് മറ്റു സർക്കാർ വകുപ്പുകളുമായും സ്ഥാപന ങ്ങളുമായും സംയോജിച്ച് പ്രവർത്തിക്കുക.
14. അതാത് ജില്ലകളിലുള്ള സന്നദ്ധ സംഘടനകൾ, ആശുപത്രികൾ, കൗൺസലിംഗ് സെന്ററുകൾ തുടങ്ങി കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളുടെ മേൽവിലാസ പട്ടിക തയ്യാറാക്കി സൂക്ഷിക്കുക. ചൈൽഡ് വെൽഫെയർ കമ്മിറ്റി എടുത്ത തീരുമാനങ്ങളിൽ ഫോസ്റ്റർ കെയർ അഡോപ്ഷൻ എന്നീ വിഷയങ്ങളിൽ പരാതി ഉണ്ടെങ്കിൽ ജില്ലാ കളക്ടർക്കും മറ്റു വിഷയങ്ങളിൽ ജില്ലാ കോടതിയിലും പരാതി ബോധിപ്പിക്കാവുന്നതാണ്.

## ദത്തെടുക്കൽ (Adoption)

ദത്തെടുക്കല് എന്നാല് നിയമപരമായ എല്ലാ അവകാശങ്ങളോടും കൂടി കുട്ടിയെ സംരക്ഷണത്തിനായി ഏറ്റെടുക്കുക എന്നതാണ്. പൈതൃക അവകാശമെന്നപോലെ എല്ലാകാര്യത്തിലും ഈ കുട്ടിക്കും അവകാശമുണ്ടായിരിക്കും. ദത്തെടുക്കൽ ആജീവനാന്തമാണ്. ഒരു കുട്ടിയെ ദത്തെടുക്കുന്നതിനായി www.cara.nic എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തുകയും ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്തങ്ങളും (J J ആക്ട് 2005) കുഞ്ഞിന് ലഭ്യമാക്കുകയും ചെയ്യുന്ന നടപടിയാണ് ദത്തെടുക്കൽ.

## ദത്തെടുക്കൽ നടപടിക്രമങ്ങൾ

### ആർക്കൊക്കെ ദത്തെടുക്കാം

വിവാഹ പദവി കണക്കിലെടുക്കാതെ ഏതൊരു വ്യക്തിക്കും കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്കും സ്വന്തം മക്കളുള്ള മാതാപിതാക്കൾക്കും ദത്തെടുക്കാവുന്നതാണ്. വിശദവിവരങ്ങൾ www.cara.nic ൽ ലഭ്യമാണ്.

| കുട്ടികളുടെ വയസ്സ് | ദമ്പതികളുടെ പരമാവധി കോംപോസിറ്റ് വയസ്സ് | ഏക രക്ഷിതാവിന്റെ പരമാവധി വയസ്സ് |
|---|---|---|
| നാല് വയസ്സ് വരെ | 90 | 45 |
| നാല് വയസ്സിന് മുകളിലും എട്ട് വരെയും | 100 | 50 |
| എട്ട് വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെയും | 110 | 50 |

### എങ്ങനെയാണ് ദത്തെടുക്കുക

ഇന്ത്യയിൽ താമസിക്കുന്ന, ദത്തെടുക്കാൻ സന്നദ്ധരായ അപേക്ഷകർ www.cara.nic ൽ ഓൺലൈനായി CARINGS ൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേൻ സ്വീകരിച്ചതിന്റെ സ്ലിപ്പ് പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്. രജസിറ്റർ ചെയ്ത് 30 ദിവസത്തിനകം ആവശ്യമായ താഴെ പറയുന്ന രേഖകൾ സൈറ്റിലേക്ക് അപ്ലോഡ് ചെയ്യണം.

1. പാൻകാർഡ്
2. വരുമാന സർട്ടിഫിക്കറ്റ് (വാർഷിക വരുമാനം കുറഞ്ഞത് 2,50,000 രൂപ)
3. വിവാഹ സർട്ടിഫിക്കറ്റ്
4. ജനന സർട്ടിഫിക്കറ്റ്
5. മേല്വിലാസം തെളിയിക്കുന്ന രേഖ
6. മെഡിക്കൽ സർട്ടിഫിക്കറ്റ്
7. കുടുംബഫോട്ടോ

അപേക്ഷകർ, രജിസ്റ്റർ ചെയ്ത സ്ലിപ്പുമായി ജില്ലാ ശിശുസംരക്ഷണ യൂണിറ്റിനെ സമീപിക്കണം. ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം അപേക്ഷകരെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് CARING വെബ് സൈറ്റിൽ അപ്പ് ലോഡ് ചെയ്യുന്നതാണ്.

## റഫൽ മാച്ചിംഗ്

അപേക്ഷകരുടെ മുൻഗണന അനുസരിച്ച് മൂന്നുകുട്ടികളുടെ വരെ ഫോട്ടോയും ചൈൽഡ് സ്റ്റഡി റിപ്പോർട്ടും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടും ഓൺലൈനായി കാണാവുന്നതാണ്. താല്പ്പര്യമുള്ളപക്ഷം കുട്ടിയെ ഇഷ്ടപ്പെട്ട് 48 മണിക്കൂറിനകം അപേക്ഷകർ റിസർവ്വ് ചെയ്യണം. അല്ലാത്തപക്ഷം സീനിയോറിറ്റി ലിസ്റ്റിൽ പുറകിലേക്ക്



പോകും. കുട്ടിയെ റിസർവ്വ് ചെയ്ത് 20 ദിവസത്തിനകം കുട്ടി താമസിക്കുന്ന അംഗീകൃത ദത്തെടുക്കൽ കേന്ദ്രത്തിലോ ശിശുസംരക്ഷണ സ്ഥാപനത്തിലെ അഡോപ്ഷൻ കമ്മിറ്റിയുടെ മുൻപാകെയോ അപേക്ഷകർ ഹാജരാകണം. അഡോപ്ഷൻ കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് കുട്ടിയെ നേരിട്ട് കാണാനുള്ള അവസരം സൃഷ്ടിക്കും. അപേക്ഷകർക്ക് കുട്ടിയെ ഇഷ്ടപ്പെടുകയാണെങ്കിൽ സ്ഥാപനത്തിലെ സോഷ്യൽ വർക്കറുടെയോ അധികാരികളുടെയോ സാന്നിദ്ധ്യത്തിൽ ചൈൽഡ് സ്റ്റഡി റിപ്പോർട്ടിലും മെഡിക്കൽ എക്സാമിനേഷൻ റിപ്പോർട്ടിലും അപേക്ഷകർ ഒപ്പുവയ്ക്കണം.

## പ്രീ-അഡോപ്ഷൻ ഫോസ്റ്റർ കെയർ

കുട്ടിയെ അപേക്ഷകർക്ക് ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ 10 ദിവസത്തിനകം പ്രീ-അഡോപ്ഷൻ ഫോസ്റ്റർ കെയർ എഗ്രിമെന്റിൽ സ്ഥാപനാധികാരികളും അപേക്ഷകരും ചേർന്ന് ഒപ്പുവയ്ക്കണം. തുടർന്ന് അപേക്ഷകർക്ക് കുട്ടിയെ അവരുടെ വീട്ടിലേക്ക് കൊണ്ടുപോകാവുന്നതാണ്.

### നിയമ നടപടികൾ

കകുട്ടിയെ കണ്ട് സ്വീകാര്യമാണെങ്കിൽ അപേക്ഷകർക്ക് അന്നുമുതൽ പത്ത് (10) ദിവസത്തിനകം അംഗീകൃത ദത്തെടുക്കൽ സ്ഥാപനം കുടുംബകോടതിയിൽ കേസ് ഫയൽ ചെയ്യണം രണ്ട് മാസത്തിനകം നിയമ നടപടികൾ പൂർത്തിയാക്കണം.

### തുടർ അന്വേഷണങ്ങൾ

പ്രീ അഡോപ്ഷൻ ഫോസ്റ്റർ കെയറിൽ കുട്ടിയെ സ്വീകരിക്കുന്നതു മുതൽ രണ്ടുവർഷക്കാലത്തേക്ക് ആറ് മാസത്തിലൊരിക്കൽ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി തുടരന്വേഷണ സന്ദർശനങ്ങൾ നടത്തേണ്ടതാണ്.

### നിയമപരമല്ലാത്ത ദത്തെടുക്കൽ കുറ്റകരമാണ്

അനധികൃത മാർഗ്ഗങ്ങളിലൂടെ കുട്ടികളെ കൈമാറ്റം ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബാലനീതി നിയമം 2015 പ്രകാരം മൂന്നുവർഷം വരെ തടവോ, ഒരു ലക്ഷം രൂപ പിഴയോ, രണ്ടും കൂടിയോ ഉള്ള ശിക്ഷ ലഭിക്കുന്നതാണ്.

### പോറ്റി വളർത്തൽ (Foster Care)

സ്വന്തം കുടുംബത്തിൽ നിർത്താനോ ദത്തുകൊടുക്കാനോ കഴിയാത്ത കുട്ടികളെ താല്ക്കാലികമായി മറ്റൊരു കുടുംബത്തിൽ പാർപ്പിക്കാൻ അനുവദിക്കുന്നതിനെയാണ് പോറ്റിവളർത്തൽ (Foster Care) എന്നു പറയുന്നത്. ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് കുട്ടികളെ പോറ്റിവളർത്താൻ നൽകുന്നത്.

### വീട്ടിൽ നിർത്തി ധനസഹായം നൽകൽ (Sponsorship)

അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് മെച്ചമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കാനായി നൽകുന്ന ധനസഹായത്തെയാണ് സ്പോൺസർഷിപ്പ് എന്നു പറയുക. കുടുംബത്തോടൊപ്പം നില്ക്കാൻ കുട്ടിയെ സഹായിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് വഴിയാണ് ധനസഹായം നൽകുക.



### സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ സംബന്ധിക്കുന്ന പരാതികൾ കൈകാര്യം ചെയ്യാനായി എല്ലാ ജില്ലയിലും പ്രത്യേക പോലീസ് യൂണിറ്റ് സ്ഥാപിക്കണമെന്ന് ബാലനീതി നിയമം വ്യവസ്ഥ ചെയ്യുന്നു. ഇത് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് എന്ന് അറിയപ്പെടുന്നു. കുട്ടികളുമായി ഇടപഴകാൻ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഈ യൂണിറ്റിൽ നിയമിക്കുന്നത്.

## ബാല സംരക്ഷണ സദനങ്ങൾ

### ചിൽഡ്രൻസ് ഹോം

പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താൽക്കാലികമായി പാർപ്പിക്കുന്ന സദനം

### ഒബ്സർവേഷൻ ഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താൽക്കാലികമായി സംരക്ഷിക്കാനുള്ള സദനം.

### സ്പെഷ്യൽഹോം

നിയമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത കുട്ടികളെ താൽക്കാലികമായി സംരക്ഷിക്കാനുള്ള സദനങ്ങൾ. തിരുവനന്തപുരത്തും കോഴി ക്കോട്ടും സ്പെഷ്യൽഹോമുകൾ പ്രവർത്തിക്കുന്നു.

### പ്ലേസ് ഓഫ് സേഫ്റ്റി

ഗൗരവതരമായ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളെ പ്രത്യേക സാഹചര്യത്തിൽ താമസിപ്പിക്കാനുള്ള സദനം. കേരളത്തിൽ തൃശ്ശൂരിൽ ആണ് പ്ലേസ് ഓഫ് സേഫ്റ്റി നിലവിലുള്ളത്.

### ഷെൽട്ടർ ഹോം

സർക്കാരിന്റെ അംഗീകാരത്തോടെ അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലികമായി കുട്ടികളെ സംരക്ഷിക്കാനുള്ള സദനങ്ങളാണ് ഷെൽട്ടർ ഹോമുകൾ.





അനുബന്ധം 3

# വൾണറബിലിറ്റി മാപ്പിംഗ് ഫോർമാറ്റ്

തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്.........................................................................................

വർഷം............................................

തീയതി ..........................................

## അപായസാധ്യത നേരിടുന്ന കുട്ടികളുടെ സ്ഥിതി വിവര കണക്ക് (വൾണറബിലിറ്റി മാപ്പിംഗ് )

| ക്ര.നം | വിഷയങ്ങൾ | എണ്ണം | |
|---|---|---|---|
| | | ആൺ | പെൺ |
| 1 | സ്ഥാപനാതിർത്തിയിലെ കുടുംബങ്ങളിൽ – അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികൾ | | |
| 2 | പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികൾ | | |
| 3 | കാണാതായതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന കുട്ടികൾ | | |
| 4 | നിയമവുമായി പൊരുത്തപ്പെടാതെ ശിക്ഷയ്ക്ക് വിധേയരായ കുട്ടികൾ | | |
| 5 | ചൈൽഡ് വെൽഫയർ കമ്മിറ്റി നിരീക്ഷണത്തിലുള്ള കുട്ടികൾ | | |
| 6 | പോക്സോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ പെടുന്നവർ | | |
| 7 | ക്ലേശകരമായ അവസ്ഥയിൽ പരിചരണം ലഭിക്കാതെ കഴിയുന്ന കുട്ടികൾ | | |
| 8 | ദത്തെടുക്കപ്പെട്ട കുട്ടികൾ | | |
| 9 | ഫോസ്റ്റർ കെയർ – സ്പോൺസർഷിപ്പ് സുരക്ഷയിൽ കഴിയുന്ന കുട്ടികൾ | | |
| 10 | റോഡ് അപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റിയ കുട്ടികൾ | | |
| 11 | പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പ്രയാസം അനുഭവിക്കുന്ന കുട്ടികൾ | | |
| 12 | അനാഥരായ കുട്ടികൾ (അച്ഛനോ അമ്മയോ മരിച്ചത് ) | | |
| 13 | എച്ച് ഐ വി ബാധിത കുടുംബങ്ങളിലെ കുട്ടികൾ | | |
| 14 | ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ | | |
| 15 | ഭിന്നശേഷിക്കാരായ കുട്ടികൾ | | |
| 16 | സ്കൂളിൽ ചേരാൻ കഴിയാത്ത ശയ്യാവലംബരായ കുട്ടികൾ | | |
| 17 | ബാലവേല ചെയ്യുന്നതായി കണ്ടെത്തിയ കുട്ടികൾ | | |
| 18 | നിയമാനുസൃത പ്രായത്തിന് മുമ്പേ വിവാഹം കഴിച്ച കുട്ടികൾ | | |
| 19 | വിവാഹം കഴിക്കാതെ അമ്മമാരായവരുടെ കുട്ടികൾ | | |
| 20 | ശാരീരിക ശിക്ഷകൾക്ക് വിധേയരായ കുട്ടികൾ | | |
| 21 | മാനസികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |
| 22 | ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |

| | | | |
|---|---|---|---|
| 23 | ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾ | | |
| 24 | അനാശ്യാസ ജീവിതസാഹചര്യങ്ങളിലെ കുട്ടികൾ | | |
| 25 | വിവാഹബന്ധം വേർപ്പെടുത്തുന്നവരുടെ കുട്ടികൾ | | |
| 26 | പുനർവിവാഹിത ദമ്പതികളുടെ കുട്ടികൾ | | |
| 27 | പട്ടികജാതി സങ്കേത കുടുംബങ്ങളിലെ കുട്ടികൾ | | |
| 28 | പട്ടികവർഗ സങ്കേത കുടുംബങ്ങളിലെ കുട്ടികൾ | | |
| 29 | ആശ്രയയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ | | |
| 30 | ഒറ്റ മുറിയുള്ള വീടുകളിലെ കുട്ടികൾ | | |
| 31 | വൈദ്യുതീകരിക്കാത്ത കുടുംബങ്ങളിലെ കുട്ടികൾ | | |
| 32 | കുടിവെള്ളം ലഭ്യമല്ലാത്ത ഇടങ്ങളിൽ താമസിക്കുന്ന കുട്ടികൾ | | |
| 33 | ശുചിത്വമുള്ള ശൗചാലയ ഇല്ലാത്ത കുടുംബങ്ങളിലെ കുട്ടികൾ | | |
| 34 | ഭവനരഹിതരായ കുടുംബങ്ങളിലെ കുട്ടികൾ | | |
| 35 | പൊതുസ്ഥലങ്ങളിൽ അനുചിത പെരുമാറ്റത്തിന് വിധേയരായ കുട്ടികൾ | | |
| 36 | പാലിയേറ്റീവ് രോഗികളുള്ള കുടുംബങ്ങളിലെ കുട്ടികൾ | | |
| 37 | ജയിൽവാസമനുഭവിക്കുന്നവരുടെ കുട്ടികൾ | | |
| 38 | ലഹരി – സൈബർ കുറ്റത്തിന് വിധേയരായ കുട്ടികൾ | | |
| | ആകെ | | |

## വൾണറബിലിറ്റി മാപ്പിംഗ് ഡാറ്റാ ശേഖരണം

വൾണറബിലിറ്റി മാപ്പ് വിശദാംശങ്ങൾ ശേഖരിക്കുന്നതിന് താഴെപ്പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

1. കേരള വനിതാ – ശിശുവികസന വകുപ്പ് അങ്കണവാടികൾ മുഖേന ശേഖരിച്ചിട്ടുള്ള വൾണറബിലിറ്റി മാപ്പ് ഡാറ്റ സൂപ്പർവൈസർ മുഖേന ചൈൽഡ് വെൽഫയർ ആൻറ് പ്രൊട്ടക്ഷൻ കമ്മിറ്റി ചെയർമാൻ ലഭ്യമാകുന്നതിന് നിർദ്ദേശിക്കാം.
2. അങ്കണവാടി വാർഷിക സർവ്വേ നടത്തുന്ന വേളകളിൽ ഏപ്രിൽ– മെയ് മാസങ്ങളിൽ വൾണറബിലിറ്റി മാപ്പ് ഡാറ്റ നിശ്ചിത ഫോർമാറ്റിൽ ശേഖരിച്ചു നല്കുന്നതിന് സൂപ്പർവൈസർക്ക നിർദേശം നല്കാം.





അനുബന്ധം 4

# കേസ് സ്റ്റഡി

## 1. ശാരീരികമായ വൾനറബിലിറ്റി

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ഒരു സാധാരണ കുടുംബത്തിലെ അംഗമായ അനന്യയുടെ അമ്മയെ ക്ലാസ് ടീച്ചർ സ്കൂളിലേക്ക് വിളിപ്പിച്ചിരുന്നു. സ്കൂളിലേക്ക് വിളിപ്പിച്ചത് ടീച്ചർ മകളുടെ പഠനത്തിലെ പിന്നോക്കാവസ്ഥ വിവരിക്കുന്നതിനായിരുന്നു. അനന്യ സദാ സമയം ക്ലാസ്സിൽ ഉറക്കം തൂങ്ങി ഇരിക്കുന്നതും പഠിപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കാതെ, ഒട്ടും താല്പര്യം ഇല്ലാതെ ക്ലാസ്സിൽ ഇരിക്കുന്നു എന്നും ടീച്ചർ അമ്മയോട് പറഞ്ഞു. കഴിഞ്ഞ കാലങ്ങളിലെ പരീക്ഷയിൽ മാർക്കും കുറയുന്നത് ടീച്ചർ ശ്രദ്ധയിൽ പെടുത്തി. മകളുടെ ശരീര ഭാരം കുറയുന്നതായും ക്ഷീണം അനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ട കാര്യം ടീച്ചറോട് അമ്മയും പറഞ്ഞു. കുട്ടിക്ക് വിളർച്ച അകാൻ സാധ്യത ഉണ്ടെന്നു ടീച്ചർ പറയുകയും ഡോക്ടറെ കാണിക്കാൻ ആവശ്യപ്പെടെയുകയും ചെയ്തു.

## 2. വൈകാരികവും മാനസികവുമായ വൾനറബിലിറ്റി

ഒരു ദരിദ്ര കുടുംബത്തിലെ അംഗമാണ് പന്ത്രണ്ടു വയസ്സുള്ള അഖിൽ. അച്ഛൻ കൂലിപ്പണിയും അമ്മ വീട്ടമ്മയുമാണ്. അഖിലിന് ഒരു ഇളയ സഹോദരിയുമുണ്ട്. അഖിലിന്റെ മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ വേണ്ടത്ര സമയമോ പണമോ ഇല്ല.അഖിൽ വീട്ടിൽ പല രീതിയിൽ അവഗണിക്കപ്പെടുന്നുണ്ട്. വേണ്ടത്ര സ്നേഹവും ശ്രദ്ധയും ലഭിക്കുന്നില്ല. അഖിലിന് പഠനത്തിൽ ശ്രദ്ധിക്കാനും ബുദ്ധിമുട്ട് ഉണ്ട്. ക്ലാസ്സിൽ മറ്റു കുട്ടികളോട് പെട്ടെന്ന് ദേഷ്യപ്പെടുകയും തന്നെക്കാൾ ഇളയ കുട്ടികളെ ഉപദ്രവിക്കുകയും ചെയ്യും. കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെ മാറി നിൽക്കുന്ന പ്രവണതയും മറ്റു കുട്ടികളെ ഉപദ്രവിക്കുന്ന പരാതിയും എറിയപ്പോഴാണ് പ്രഥമാധ്യാപകൻ അഖിലിന്റെ രക്ഷകർത്താക്കളെ വിളിച്ചു പരാതി പറഞ്ഞത്.

## 3. സാമൂഹികമായ വൾനറബിലിറ്റി

മാതാപിതാക്കൾ നഷ്ടപെട്ട എട്ടു വയസ്സുള്ള ആസ്മി ഇപ്പോൾ വൃദ്ധയായ മുത്തശ്ശിയോടൊപ്പമാണ് താമസം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുത്തശ്ശിക്ക് ആസ്മിയെ വേണ്ട രീതിയിൽ പരിപാലിക്കുവാൻ സാധിക്കുന്നില്ല. വിട്ടുമാറാത്ത രോഗങ്ങളും മുത്തശിയുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. അടച്ചുറപ്പില്ലാത്ത ഭവനത്തിലാണ് രണ്ടു പേരുടെയും താമസം. വേണ്ടത്ര ഭക്ഷണവും വസ്ത്രവും ലഭിക്കാത്ത സാഹചര്യമാണ് അവർക്കുള്ളത്. പല കാരണങ്ങളാലും സ്കൂളിൽ കൃത്യമായി ആസ്മി പോകാറുമില്ല. പഠനത്തിലും പിന്നോക്കം നിൽക്കുന്ന സാഹചര്യമാണ് ആസ്മിയുടെത്. മുത്തശ്ശിയുടെ പേരിലുള്ള അല്പം സ്ഥലം പറ്റിച്ചു നാട്ടിലുള്ള ഒരാൾ സ്വന്തമാക്കിയിട്ടുണ്ട്. ചെറുമകളെ വീട്ടിൽ നിന്നും മാറ്റി നിർത്താൻ നാട്ടുകാർ ശ്രമിച്ചിട്ടും മുത്തശ്ശി സമ്മതിക്കാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്.

### 4. വിദ്യാഭ്യാസപരമായ വൾനറബിലിറ്റി

ആദർശിന് (8/M) പഠനത്തിൽ ശ്രദ്ധ പതിപ്പിക്കാൻ തീരെ സാധിക്കുന്നില്ല. വായിക്കാനും എഴുതാനും കണക്കുകൂട്ടാനും ബുദ്ധിമുട്ടാണ്. ക്ലാസ്സിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. പഠിപ്പിക്കുമ്പോൾ ശ്രദ്ധിക്കാതിരിക്കുകയും മറ്റ് കുട്ടികളെ ശല്യപ്പെടുത്തുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഇപ്പോഴും ഒറ്റയ്ക്കിരിക്കാൻ ആണ് ആദർശിന് താല്പര്യം. പഠിപ്പിക്കുന്ന പുസ്തകത്തിൽ എപ്പോഴും പടങ്ങൾ വരച്ചിരിക്കുന്നതാണ് അധ്യാപകർ ശ്രദ്ധിച്ചത്. വഴക്കു പറഞ്ഞാലും യാതൊരു ഭാവഭേദവും കാണിക്കാതെ ക്ലാസ്സിൽ ഇരിക്കുന്ന ആദർശിന്റെ പതുക്കെ അധ്യാപകരും അവഗണിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

### 5. പാരിസ്ഥിതികമായ വൾനറബിലിറ്റി

ഒരു മലയോരമേഖലയിലാണ് 15 വയസ്സുകാരൻ ഹരി താമസിക്കുന്നത്. അച്ഛനും അമ്മയും രണ്ടു സഹോദരിമാരും ആണ് ഹരിക്കു ഉള്ളത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിന്റെ ഏക ആശ്രയം കൃഷിയാണ്. വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾക്കും വന്യ മൃഗ ശല്യത്തിനും പേരുകേട്ടതാണ് അവരുടെ ഗ്രാമം. മണ്ണിടിച്ചിലും, വരൾച്ച, വന്യ മൃഗ ശല്യം എന്നിവയുടെ തിക്താനുഭവങ്ങൾ ഹരിയുടെ കുടുംബം അനുഭവിക്കാറുണ്ട്. വിവിധ ദുരന്തങ്ങൾ കാരണം സ്കൂൾ പലപ്പോഴും അടച്ചുപൂട്ടേണ്ടി വരുന്ന സാഹചര്യം ആണ് അവരുടെ ഗ്രാമത്തിൽ ഉള്ളത്.ദുരന്തങ്ങൾ കാരണം ഇടയ്ക്കിടെ രോഗങ്ങൾ ആ ഗ്രാമത്തിലെ പല കുടുംബങ്ങളിൽ അനുഭവപ്പെടാറുണ്ട്. ഹരിയുടെയും സഹോദരിമാരുടെയും വിദ്യാഭ്യാസത്തിനും ഒരു തുടർച്ച പലപ്പോഴും ലഭിക്കാറില്ല.

### 6. സാങ്കേതികമായ വൾനറബിലിറ്റി

പന്ത്രണ്ട് വയസ്സുള്ള ഒരു പെൺകുട്ടിയാണ് എയ്ഞ്ചൽ. കഴിഞ്ഞ ജന്മദിനത്തിന് അവൾക്ക് അച്ഛൻ മൊബൈൽ ഫോൺ സമ്മാനമായി നൽകി. അവൾ സോഷ്യൽ മീഡിയയിൽ വളരെ സജീവമാണ്. ദിവസവും മണിക്കൂറുകളോളം ഫോണിൽ ചെലവഴിക്കുന്ന ശീലം അങ്ങനെ ആരംഭിച്ചു. പഠനത്തിൽ മുന്നിട്ടു നിന്ന ഏഞ്ചൽ ഇപ്പോൾ ക്ലാസ്സിൽ ശ്രദ്ധിക്കാതെ ആയി. രാത്രി വൈകി വരെ ഫോൺ ഉപയോഗിക്കുന്നതിനാൽ അവൾക്ക് ഉറക്കക്കുറവ് അനുഭവപ്പെടുന്നു. ഓൺലൈനിൽ അവൾക്കു പുതിയ കൂട്ടുകാരെ കിട്ടുകയും സദാ സമയവും ഈ കൂട്ടുകാരോട് സന്ദേശങ്ങൾ അയച്ചും വിളിക്കുന്നതിലും മാത്രമാണ് താല്പര്യം. കുടുംബാംഗങ്ങളോട് മിണ്ടുവാനും വിശേഷങ്ങൾ പറയുവാനും ഇപ്പോൾ അവൾക്കു ഒട്ടും സമയം ലഭിക്കുന്നില്ല.

### 7. സാമ്പത്തികമായ വൾനറബിലിറ്റി

നഗരത്തിലെ ഒരു ചേരിപ്രദേശത്തു ആണ് 9 വയസ്സുകാരനായ രാജയും, അനുജത്തിയും, അമ്മയും, അച്ഛനും, മുത്തശ്ശിയും താമസിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബമാണ് രാജയുടേത്. ദിവസക്കൂലിക്കു ഓട്ടോ ഓടിച്ചാണ് അച്ഛൻ ആ കുടുംബത്തെ പോറ്റുന്നത്. അസുഖബാധിതയായതിനാൽ അമ്മയ്ക്ക് ജോലിക്കൊന്നും പോകുവാൻ പറ്റാത്ത സാഹചര്യമാണ്. ഇടയ്ക്കിടെ ഉള്ള മദ്യപാനം കാരണം അച്ഛൻ കുടുംബം നോക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ശ്രദ്ധിക്കുവാൻ ആരുമില്ലാത്തതിനാൽ രാജ സ്കൂളിൽ പോകുന്നത് ചുരുക്കമാണ്. പകൽ സമയങ്ങളിൽ പലപ്പോഴും സമീപത്തും മറ്റു ഇടങ്ങളിലും രാജ കറങ്ങി നടക്കാറാണ് പതിവ്.

